
ഗുരുണാ പ്രേഷിതാ വയം.
ബ്രഹ്മശ്രീ
ദ്വൈമാസിക
മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
2019 ജൂലൈ-ആഗസ്റ്റ്, വാള്യം :16 - ലക്കം : 5



വേളി

## ഹരീഷ്കുമാർ & ദിവ്യ

മഞ്ഞുമ്മേൽ, താമരപ്പള്ളി ഇല്ലത്ത് ബ്രഹ്മശ്രീ ശങ്കരൻ ഇളയതിന്റെയും പ്രസന്നകുമാരി അന്തർജ്ജനത്തിന്റെയും പുത്രി ദിവ്യയും കോഴിക്കോട് വടകര കൊഴുകാനൂർ ഇല്ലത്ത് ബ്രഹ്മശ്രീ ഭാസ്കരൻ നമ്പൂതിരിയുടേയും ശ്രീദേവി അന്തർജ്ജനത്തിന്റെയും പുത്രൻ ഹരീഷ്കുമാറും തമ്മിലുള്ള വേളി 2019 ജൂൺ 9ന് വെണ്ണല ആലിൻ ചുവട് പ്രണവം ആഡിറ്റോറിയത്തിൽ വച്ച് നടന്നു.

2019 ജൂലൈ – ആഗസ്റ്റ് : വാല്യം 16 – ലക്കം 5

# ബ്രഹ്മശ്രീ

മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം

ദ്വൈമാസിക

ഓം ഭൂർഭുവസ്വഃ തത്സവിതുർ വരേണ്യം
ഭർഗ്ഗോദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത്

## പത്രാധിപസമിതി

**ശ്രീ. പി. ഹരികുമാർ** (ചീഫ് എഡിറ്റർ)
പാണാട്ട് ഇല്ലം, കുറിച്ചിത്താനം പി. ഒ.,
കോട്ടയം–686 634, ഫോൺ : 8281108575

**ശ്രീ. ടി. വി. നാരായണ ശർമ്മ** (കേന്ദ്ര പ്രസിഡന്റ്)
താമരശ്ശേരി ഇല്ലം, മാലം പി.ഒ., കോട്ടയം–686 019
ഫോൺ : 9562356959

**ശ്രീ. കെ. വി. ദേവൻ ഇളയത്** (കേന്ദ്ര സെക്രട്ടറി)
കൊണഞ്ചേരി ഇല്ലം, ഏങ്ങണ്ടിയൂർ പി. ഒ.,
തൃശൂർ–680 615, ഫോൺ : 8589895026, 8129480591

**ശ്രീ. എം. എൻ. കേശവൻ ഇളയത്**
രാജ്ഭവൻ (മേച്ചേരിൽ ഇല്ലം ), തൃപ്പൂണിത്തുറ,
എറണാകുളം–682 301, ഫോൺ : 9995110078

**ശ്രീ. നീലാംബരൻ ഇളയത്**
തോട്ടത്തിൽ ഇല്ലം (ശ്രീവത്സം), ചെറുതുരുത്തി പി.ഒ.,
തൃശൂർ–679 531, ഫോൺ : 94468 89931

**ശ്രീമതി. ശാരദാമണി കെ. കെ.**
കൃഷ്ണപ്രഭ, കളവംകോടം പി. ഒ., ചേർത്തല ,
ആലപ്പുഴ–688 524, ഫോൺ : 94976 34008

**ഡോ. ഹരികൃഷ്ണ ശർമ്മ**
കൈനിക്കര ഇല്ലം, മണലുങ്കൽ പി.ഒ.
കോട്ടയ–686 503, ഫോൺ : 98475 98896

**ശ്രീ. അരുൺ കീച്ചേരിൽ** (സർക്കുലേഷൻ)
കീച്ചേരിൽ ഇല്ലം, മുരിക്കുംപുഴ
പാലാ പി.ഒ.–686 575, ഫോൺ : 94468 46461

**ശ്രീ. വി. എൻ. ടി. നമ്പൂതിരി** (ഫിനാൻസ്)
പ്രയാഗ, ഏരൂർ വെസ്റ്റ് പി. ഒ., തൃപ്പൂണിത്തുറ,
എറണാകുളം–682 306, ഫോൺ : 94475 66168

**Bank Account : Indian Bank, M.G. Road, Ernakulam | A/c. No. : 867897300, IFSC Code : IDIB000M036**
**email : brahmasreembs@gmail.com**

സദാശിവ സമാരംഭാം ശങ്കരാചാര്യ മദ്ധ്യമാം
അസ്മദാചാര്യ പര്യന്താം വന്ദേ ഗുരുപരമ്പരാം
ശ്രുതിസ്മൃതി പുരാണാനാം ആലയം കരുണാലയം
നമാമി ഭഗവത് പാദം ശങ്കരം ലോകശങ്കരം
ശങ്കരം ശങ്കരാചാര്യം കേശവം ബാദരായണം
സൂത്രഭാഷ്യകൃതൗ വന്ദേ ഭഗവന്തൗ പുനഃ പുനഃ
ഈശ്വരോ ഗുരുരാത്മേതി മൂർത്തിഭേദ വിഭാഗിനേ
വ്യോമവദ് വ്യാപ്തദേഹായ ദക്ഷിണാമൂർത്തയേ നമഃ

## പത്രാധിപക്കുറിപ്പ്

ആചാരം പലപ്പോളും അനാചാരമാകുന്നത് അത് അർത്ഥമറിയാതെ അനുഷ്ഠിക്കുമ്പോളാണ്.

ഒരു വേളിച്ചടങ്ങിനിടയിൽ കണ്ടു, വരൻ വധുവിനെ കണ്ഠസൂത്രം (താലി) അണിയിക്കുന്നത്. വരന് നിർബന്ധമാണത്രേ താൻ തന്നെ താലി അണിയിയ്ക്കണമെന്ന്!

അറിവുള്ളവരും ഈ അർത്ഥശൂന്യതയ്ക്ക് കൂട്ട് നിൽക്കുന്നതും നിശബ്ദത പാലിയ്ക്കുന്നതുമാണ് ഏറെ വേദനാജനകം.

മറ്റു സമുദായങ്ങളിൽ വിവാഹസമയത്ത് വരൻ വധുവിനെ താലിചാർത്തുന്നതും ബ്രാഹ്മണരുടെ വേളിച്ചടങ്ങിന് 'കുടി'യുടെ കഴുത്തിൽ കണ്ഠസൂത്രം അണിയിയ്ക്കുന്നതും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്. ഭർത്തൃഗൃഹത്തിലെ നിവേദിയ്ക്കലിനും ഭാവിയിൽ വേണ്ടിവന്നേക്കാവുന്ന തേവാരങ്ങൾക്കും മറ്റും വേണ്ടി സ്ത്രീയ്ക്ക് മന്ത്രാചരണത്തിനുള്ള അധികാരം നൽകലാണ് ഈ ചടങ്ങ് . ആൺകുട്ടികൾക്കുള്ള ഉപനയനം പോലെ അത്ര വിശദമായി ഇല്ലെങ്കിലും പെൺകുട്ടികൾക്ക് ഈ ചടങ്ങ് പന്ത്രണ്ടാം വയസ്സിൽ നടത്തേണ്ടതായിരുന്നു. പല ബ്രാഹ്മണ സമുദായങ്ങളും ഇത് നടത്താത്തതുകൊണ്ട് വേളിയ്ക്ക് തൊട്ടു മുമ്പായി ഈ ആചാരാധികാരം അവർക്ക് നൽകുന്നു എന്നേയുള്ളു. ബ്രാഹ്മണഗൃഹത്തിലെ തേവാരങ്ങളും മറ്റും കുറഞ്ഞതും ഇത് വേളി സമയത്തേക്ക് മാറ്റാൻ കാരണമായിട്ടുണ്ടാകും. ഒന്നോർത്താൽ സ്ത്രീയ്ക്കും മന്ത്രാചാരണത്തിന് പുരുഷന് തുല്യമായ അവകാശം നൽകൽ ആണ് ഈ ചടങ്ങ്.

സ്വർണം കെട്ടിയ പൂണൂൽ പോലെ പിരിച്ച ഒരു നൂൽ മതി ഇതിന്.

അടുത്ത പേജിൽ ...

**ഉപദേശകസമിതി**
**ഡോ പി.വി വിശ്വനാഥൻ നമ്പൂതിരി**
**ഡോ പി.സി.മുരളീമാധവൻ | പ്രൊഫ. ബാലചന്ദ്രശർമ**

Layout & Printing
S.N.Nampoothiri, Essence Creations, Kottayam



സൗമനസ്യം മതി ശാസ്ത്രങ്ങൾ വേണ്ടെന്റെ
സൗമ്യ സ്വരത്തിന്റെയർത്ഥം ഗ്രഹിക്കുവാൻ

സ്ത്രീകളായതുകൊണ്ട് അശുദ്ധിയുണ്ടാകാതിരിയ്ക്കാൻ അതിൽ സ്വർണം കെട്ടുന്നു എന്നേയുള്ളു. കാലക്രമത്തിൽ താലി കെട്ടിയ സ്വർണ്ണമാലയായി ഇതു മാറി. അതിനും കുഴപ്പമില്ല. പക്ഷെ അത് അണിയിയ്ക്കുന്നത് പെൺകുട്ടിയുടെ അച്ഛനോ അച്ഛന്റെ സ്ഥാനത്തുള്ളവരോ ആയിരിയ്ക്കണം.

വേളിയായിട്ടാണ് വിവാഹച്ചടങ്ങുകൾ നടത്തുന്നതെങ്കിൽ ഈ കണ്ഠസൂത്രം വരൻ അണിയിയ്ക്കുന്നത് അർത്ഥശൂന്യമായ അനാചാരം മാത്രമാണ്. ജീവിതസഖി ആകാൻ പോകുന്ന സ്ത്രീക്ക് മന്ത്രാധികാരം നല്കാൻ വരൻ പോരാ

ഇനി, വിധവകൾ ഈ ചരട് ധരിയ്ക്കരുത് എന്ന് പറഞ്ഞിരിയ്ക്കുന്നത് അവർക്ക് ഒരു പതിത്വവും കൽപ്പിച്ചിട്ടല്ല. വിധവയ്ക്ക് സന്യാസിയുടെ തുല്യസ്ഥാനമാണ്. സന്യാസി ആദ്ധ്യാത്മികമായി കുറച്ചുകൂടി ഉയർന്ന നിലയിൽ വർത്തിയ്ക്കുന്ന ആളാകയാൽ അവർക്ക് പൂണൂലോ മറ്റ് ബാഹ്യമായ വച്ചുകെട്ടലുകളോ ഒന്നും വേണ്ട. അതുകൊണ്ട് വിധവയ്ക്ക് ഈ നൂൽ അഴിച്ചുകളയുമ്പോൾ മന്ത്രാധികാരം നഷ്ടപ്പെടുകയല്ല, പകരം അവർ സന്യാസി സമൂഹത്തിന്റെ നിലയിലേയ്ക്ക് ആത്മീയമായി എത്തപ്പെടുകയാണ്. സന്യാസിമാർക്കു കുറച്ചുകൂടി ഉയർന്ന തലത്തിൽ വിഗ്രഹാരാധനയും ദേവാലയ ദർശനവും പോലും നിഷിദ്ധമാണ് എന്നും ഓർക്കുക.

കൂടാതെ അച്ഛൻ വധുവിനെ കണ്ഠസൂത്രം അണിയിയ്ക്കുന്ന ചടങ്ങിന് ഒരു മന്ത്രവും ഇല്ല എന്ന് കൂടി കൂട്ടി വായിച്ചാൽ ഒരു കാര്യം വളരെ വ്യക്തമാണ് സ്വതവേയുള്ള മന്ത്രാചരണാധികാരത്തിന്റെ ഒരു ബാഹ്യ ചിഹ്നം മാത്രമാണ് ഈ ചടങ്ങിലൂടെ നൽകുന്നത്. അതായത് അതിനുള്ള അവകാശം പെൺകുട്ടിയ്ക്ക് ഉണ്ട് ഭർതൃഗൃഹത്തിലേയ്ക്ക് പോകുന്നതിനു മുൻപ് ആ സ്ഥാനചിഹ്നം നൽകുന്നു എന്ന് മാത്രം.

ഭാവിയിലെ വരന്മാരാരെങ്കിലും ഇക്കാര്യത്തിൽ സ്വയം സ്വന്തം അജ്ഞതയെ പ്രകാശപൂർണ്ണമാക്കുന്ന ഇത്തരം വാശികളിൽ നിന്നും ഒഴിഞ്ഞുനിൽക്കും എന്ന് വിചാരിയ്ക്കാം. അല്ലെങ്കിൽ വിവാഹച്ചടങ്ങ് വേളിയായിത്തന്നെ വേണമെന്ന് നിർബന്ധം പിടിയ്ക്കാതിരുന്നാലും മതി.

(വിവരങ്ങൾക്ക് കടപ്പാട് : ബ്രഹ്മശ്രീ മാടശ്ശേരി നാരായണൻ നമ്പൂതിരിയുടെ 'ആശ്വലായന ഷോഡശക്രിയകൾ' എന്ന പുസ്തകത്തോട് )

ഹരി

**പത്രാധിപർ**

## പിഞ്ചോമനകൾക്ക് കൈത്താങ്ങായി മലയാള ബ്രാഹ്മണ സമാജം:

പ്രളയ ദുരിതത്തിൽ പഠനോപകരണങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് സഹായവുമായി മലയാള ബ്രാഹ്മണസമാജവും (എം.ബി.എസ്) യുവജനവേദിയും.

എം.ബി.എസ് കോട്ടയം ജില്ലാ സമിതിയും ചങ്ങനാശ്ശേരി, വൈക്കം യുവജനവേദിയും സംയുക്തമായി ആദ്യഘട്ടത്തിൽ സമാഹരിച്ച കുട, ബുക്കുകൾ ഉൾപ്പെടെയുള്ള പഠനോപകരണങ്ങൾ കടുത്തുരുത്തി എഴുമാന്തുരുത്ത് ഗവ. യു.പി. സ്കൂളിലെ വിദ്യാർത്ഥികൾക്കാണ് നല്കിയത്. സ്കൂൾ അധികാരികളുമായി ബന്ധപ്പെട്ട് അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കിയാണ് സാധനങ്ങൾ വിതരണം ചെയ്തത്.

എം.ബി.എസ്. കേന്ദ്ര പ്രസിഡണ്ട് ടി.വി. നാരായണ ശർമ്മ വിതരണോദ്ഘാടനം നിർവ്വഹിച്ചു. എം.ബി.എസ്. യുവജനവേദിയുടെ പ്രവർത്തനം മാതൃകാപരമാണെന്ന് അദ്ദേഹം പറഞ്ഞു . എം.ബി.എസ്. കേന്ദ്ര ജോ: സെക്രട്ടറി മോഹൻ കുമാർ, കേന്ദ്രസമിതി അംഗം സി .എസ് .ചന്ദ്രഗുപ്തൻ ഇളയത് യുവജനവേദി നേതാക്കളായ ഹരിമോഹൻ, വിപിൻ ചന്ദ്രൻ, സന്ദീപ്, ശ്രീനു മോഹൻ, അരുൺ, ദേവകൃഷ്ണൻ, വിഷ്ണു, സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി. രേണുക തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

കഴിഞ്ഞ പ്രളയകാലത്തും എം.ബി.എസ്. കോട്ടയം ജില്ലാ സമിതിയുടെ നേതൃത്വത്തിൽ ഫണ്ട് സ്വരൂപിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കും ക്യാമ്പുകളിൽ സഹായമെത്തിക്കുന്നതിനും സാധിച്ചതായി നേതാക്കൾ അറിയിച്ചു. ഇതിനായി 'ഹവിസ് ' എന്ന പേരിൽ പ്രത്യേകമായ ഒരു പദ്ധതി തന്നെ വർഷങ്ങളായി 'യുവജനവേദി ' നടപ്പാക്കിവരുന്നു. സമാഹാരണത്തിന് മുൻകൈ എടുത്ത ചങ്ങനാശേരി യുവജനവേദി അംഗങ്ങളായ ഹരിമോഹൻ, ശ്രീനു മോഹൻ, സൗജിത് ശർമ്മ, ആദർശ് ശർമ്മ, അശ്വിൻ, അപർണ്ണ അശ്വിൻ, ആതിര ശർമ്മ, കീർത്തികൃഷ്ണൻ, കൃഷ്ണകുമാർ, വിഷ്ണു, സന്ദീപ് എന്നിവർക്കും വൈക്കം യുവജനവേദി അംഗങ്ങളായ സനാതനൻ, ദേവകൃഷ്ണൻ, ഹരികൃഷ്ണൻ, അമൽദേവ്, അരുൺ വി ശർമ്മ, അതുല്യ വാസുദേവൻ എന്നിവർക്ക് മലയാള ബ്രാഹ്മണ സമാജം കോട്ടയം ജില്ല സമിതിയുടെ നന്ദി അർപ്പിക്കുന്നതിനൊപ്പം സംഭാവനകൾ നല്കിയവരുടെ നല്ല മനസ്സിനെ നമിക്കുന്നു.



പഠനോപകരണങ്ങളുടെ
വിതരണത്തിനുള്ള തയ്യാറെടുപ്പ്



എഴുമാന്തുരുത്ത് സ്കൂളിൽ എൽ.പി.സ്കൂളിൽ
നടന്ന യോഗം സംസ്ഥാന അദ്ധ്യക്ഷൻ
റ്റി.വി.നാരായണ ശർമ്മ ഉദ്ഘാടനം ചെയ്യുന്നു.



വൈക്കം ശാഖയിലെ
യുവജനവേദി പ്രവർത്തകർ
ദുരിതാശ്വാസത്തിനായി
സമാഹരിച്ച സാധനങ്ങളുമായി

# നെടുമ്പായില്ലത്ത് ശ്രീ. എൻ. എൻ. വിജയൻ

**(ഒരു അനുസ്മരണം)**

(ശ്രീ. മുരളീമോഹന ശർമ്മ,
പെരുമ്പുഴ ഇല്ലം, എഴാച്ചേരി)



ഈ കഴിഞ്ഞ ജൂൺ 26-ാം തീയതി ഇഹ ലോകവാസം വെടിഞ്ഞ എറണാകുളം ജില്ലയിൽ കാക്കൂർ നെടുമ്പായില്ലത്ത് വിജയൻചേട്ടനെ പറ്റി എന്തെങ്കിലും കുറച്ചു വിവരങ്ങൾ 'ബ്രഹ്മ ശ്രീ' വായനക്കാരെ അറിയിച്ചില്ലെങ്കിൽ അതൊരു കൃത്യവിലോപമാകുമെന്ന് വിചാരിച്ച് എഴുതുകയാണ്. പുതിയ തലമുറയിലെ നമ്മുടെ ഒരു ആചാര്യശ്രേഷ്ഠനായിരുന്നു അദ്ദേഹം. കുറവിലങ്ങാട് തുരുത്തി ഇല്ലത്ത് ശ്രീ. ഉണ്ണിത്താൻ ചേട്ടൻ, ചമ്പക്കര നാരായണ മംഗലത്ത് ശ്രീ. ശ്രീധരൻ ചേട്ടൻ എന്നിവരിൽ നിന്നും നമ്മുടെ ആചാരച്ചടങ്ങുകളും വാദ്ധ്യാർ പ്രവൃത്തിയും സ്വായത്തമാക്കിയ അദ്ദേഹം തുടർച്ചയായി ആ പ്രവൃത്തികളിൽ ഏർപ്പെട്ടു വരികയായിരുന്നു. അങ്ങനെ അദ്ദേഹത്തിന് ചുരുങ്ങിയ കാലത്തിനുള്ളിൽ ധാരാളം പുതിയ പരിചയക്കാർ ഉണ്ടാവുകയും ചെയ്തു. ഒരിക്കൽ പരിചയപ്പെട്ട് ഏതാനും വാചകങ്ങൾ സംസാരിച്ചാൽ പിന്നെ ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു പ്രത്യേക വ്യക്തിത്വമായിരുന്നു വിജയൻചേട്ടന്റേത്. നർമ്മം തുളുമ്പാത്ത ഒറ്റ വാചകം പോലും അദ്ദേഹത്തിന്റെ നാക്കിൽ നിന്നും വരുമായിരുന്നില്ല. പാരമ്പര്യമായി തന്നെ നെടുമ്പായില്ലക്കാർ നർമ്മരസപ്രധാനമായി സംസാരിക്കുന്നവരാണ് .

എന്റെ മൂത്ത അമ്മാമന്റെ രണ്ടു പുത്രന്മാരിൽ ഇളയതായിരുന്നു എൻ.എൻ. വിജയൻ എന്ന വിജയൻചേട്ടൻ. സംസ്കൃതാദ്ധ്യാപകപരീക്ഷ ആരംഭിച്ച എഴുപതുകളിൽ ആ പരീക്ഷപാസ്സായി .അധികം താമസിയാതെ വിജയൻ ചേട്ടന് പാലാ തൊടുപുഴ റൂട്ടിൽ ഉള്ള കുറിഞ്ഞി കുഴിക്കണ്ടം കുടുംബം വകയുള്ള ശ്രീകൃഷ്ണവിലാസം യു. പി. സ്കൂളിൽ സംസ്കൃത അധ്യാപകനായി പാർട്ട് ടൈം ജോലി കിട്ടുകയും ചെയ്തു. 165 രൂപയായിരുന്നു അന്നത്തെ ശമ്പളം എന്നാണെന്റെ ഓർമ്മ. അവിടെ അടുത്തുള്ള കടമ്പനാട് പുരുഷോത്തമൻ ചേട്ടന്റെ ഇല്ലത്തായിരുന്നു താമസം. ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഏതാണ് 8 കിലോമീറ്റർ അകലമുള്ള ഏഴാച്ചേരിയിലുള്ള ഞങ്ങളുടെ ഇല്ലത്ത് വരാറുണ്ട്. ആയിടയ്ക്ക് ഞങ്ങൾ രണ്ടുപേരും മൃദംഗം അഭ്യസിച്ച കാര്യവും ഓർമ്മിയ്ക്കുന്നു. എവിടെ അടുത്ത നെച്ചിപ്പുഴൂർ എന്ന സ്ഥലത്തുള്ള നാരായണ ദാസ് എന്ന ആളായിരുന്നു ഗുരുനാഥൻ.

സ്കൂൾ ജോലിയ്ക്കൊപ്പം അദ്ദേഹം പ്രൈവറ്റ് ആയി പഠിച്ച്സംസ്കൃതത്തിൽ ബിരുദാനന്തര ബിരുദം വരെ നേടി. കൂടാതെ ബി.എഡ്. ഉം പാസ്സായി. അക്കാലത്ത് പാലാ സെൻറ്. തോമസ് കോളേജിൽ സംസ്കൃതത്തിന് ഒഴിവുവന്നപ്പോൾ അവിടെ കയറാൻ ശ്രമിച്ചെങ്കിലും ഫ്രാൻസിസ് സാറിനാണ് ആ ഭാഗ്യം സിദ്ധിച്ചത് .



പിരിയേണമരങ്ങിൽ നിന്നുടൻ
ശരിയായിക്കളി തീർന്ന നട്ടുവൻ

സി. ടി. ഫ്രാൻസിസ് ഇന്നൊരു മഹാ പണ്ഡിത നാണെന്ന കാര്യവും ഈ അവസരത്തിൽ ഓർമ്മിയ്ക്കുന്നു. വേദേതിഹാസങ്ങളെയും മറ്റും പറ്റി സംസാരിയ്ക്കാൻ എത്രയും പാണ്ഡിത്യമുള്ള ഒരു വ്യക്തി നമ്മുടെ ഇടയിൽ വേറെ ഉണ്ടെന്നു തോന്നുന്നില്ല. വിജയൻ ചേട്ടൻ ഹെഡ് മാസ്റ്റർ ആയിട്ടാണ് റിട്ടയർ ചെയ്തത്. അതിനു ശേഷം വിദ്യാനികേതന്റെ കീഴിലുള്ള ഐക്കൊമ്പ് അംബിക വിദ്യാലയത്തിലും ഒരു മാസം മുൻപുവരെ സംസ്കൃതാധ്യാപകനായി ജോലി ചെയ്തിരുന്നു.

ഒരു മാസം മുൻപാണ് അദ്ദേഹത്തിന് വയറ്റിൽ ഒരസുഖം തോന്നിയത്. എറണാകുളം ലിസി ആശുപത്രിയിൽ അതിനുള്ള ചികത്സായും നടക്കുന്നുണ്ടായിരുന്നു. ഒരുമാസമായി തീരെ വിശപ്പില്ലായിരുന്നു. ജൂൺ 22-ാം തീയതി ഞങ്ങൾ കാക്കൂർ നെടുമ്പായില്ലത്തു പോയിരുന്നു. അമ്മാമനെയും, വിജയൻചേട്ടനേയും, വിജയൻ ചേട്ടന്റെ ജ്യേഷ്ഠനേയും (ഡോഎൻ. എൻ. മണി) കണ്ടിട്ടാണ് പോന്നത്. അന്നു വിജയൻചേട്ടനു സാമാന്യം ക്ഷീണം ഉണ്ടായിരുന്നു. തിങ്കളാഴ്ച ആശുപത്രിയിൽ വീണ്ടും പോകുകയാണെന്നും പറഞ്ഞിരുന്നു. തിങ്കളാഴ്ച ആശുപത്രിയിലെ ഡോക്ടർക്ക് പനി ആണെന്നറിയിച്ചതിനാൽ യാത്ര ചൊവ്വാഴ്ചയിലേയ്ക്ക് മാറ്റി. ബുധനാഴ്ച രാവിലെ കാപ്പികുടിക്കഴിഞ്ഞു വിശ്രമിച്ചപ്പോൾ ആശുപത്രിയിൽ വച്ച് രാവിലെ ഒമ്പതുമണിയോടുകൂടി വിജയൻ ചേട്ടന്റെ ഹൃദയം ഈ ഭൂമിയിലെ പ്രവർത്തനം അവസാനിപ്പിച്ചു . 65 വയസ്സ് പ്രായമേ ഉണ്ടായിരുന്നുള്ളു. ഒരു കാൽ നൂറ്റാണ്ടു കൂടി നമ്മുടെ ആചാര്യനായിരിയ്ക്കാമായിരുന്ന ആ ആത്മാവ് അങ്ങനെ വിഷ്ണുപാദം പൂകി.

സമാജത്തിന് ആചാര്യനും സംസ്കാരത്തിന് നെടുംതൂണും ശിഷ്യ സഞ്ചയത്തിനു ഗുരുവും സുഹൃത് സമൂഹത്തിന് സ്നേഹനിധിയും കുടുംബത്തിന് നാഥനും കവിയും സാഹിത്യാസ്വാദകനും സർവോപരി ജ്ഞാനാന്വേഷകനും ആയിരുന്നു പ്രിയപ്പെട്ട വിജയൻ ചേട്ടൻ.. ഭാര്യ ദേവി ചേച്ചിയ്ക്കും മകൻ വിഷ്ണുവിനും സർവ്വേശ്വരൻ ധൈര്യവും ആത്മവിശ്വാസവും കൊടുക്കട്ടെ.

ഒരിയ്ക്കലും മറക്കാത്ത ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്നിർത്തട്ടെ

# മാറ്റൊലി

മെയ് ജൂൺ 2019 ലക്കം ബ്രഹ്മശ്രീയിലെ പത്രാധിപക്കുറിപ്പ് എന്നെ സംബന്ധിച്ചിടത്തോളം വളരെ ഇഷ്ടമായി. ഇന്നത്തെ കുട്ടികളിൽ നാം കാണുന്ന അപചയം തുറന്നു കാട്ടിയ പത്രാധിപസമിതിയ്ക്ക് ഉള്ള നന്ദി ഞാൻ ഇതിനാൽ രേഖപ്പെടുത്തുന്നു.

സ്ത്രീകൾക്കായി പൂജ പഠന ശിബിരം വളരെ നല്ല ഒരു കാൽവയ്പ്പാണ്. തൃക്കാക്കരയപ്പനുള്ള നിവേദ്യം, എട്ടങ്ങാടി നിവേദ്യം, വിവാഹസമയത്തുള്ള താലിപൂജ, ഗണപതി നിവേദ്യം, മറ്റു പൂജകൾ ഇതിൽ ഉൾപ്പെടുത്താൻ പറ്റുമെങ്കിൽ അതും ചേർത്ത് ഒരു ക്ലാസ്സാണ് അഭികാമ്യമെന്നു തോന്നുന്നു. ഇതിലെല്ലാം ഉപരിയായി ഞാൻ എടുത്തുപറയുന്ന ഒരു കാര്യം 'വായ്ക്കുരവ' പരിശീലനമാണ്. ഇന്നൊരു വിശേഷത്തിന് കുരവ ഇടാൻ പറഞ്ഞാൽ ആർക്കും അറിയില്ല. ഉള്ളവർ തന്നെ ഇതിനൊന്നും തയ്യാറുമല്ല. ഇക്കാര്യം കൂടി ശ്രദ്ധയിൽ കൊണ്ടുവന്നു എന്നുമാത്രം. വേണു ഗുരുവായൂർ എഴുതിയ 'തോളിൽ മാറാപ്പു കേറ്റിയവർ' എന്ന ലേഖനം വളരെ നന്നായിരുന്നു. അഭിനന്ദനങ്ങൾ.

**കെ.എസ് . ദാമോദരൻ ഇളയത്**
കടമ്പനാട്ടില്ലം, കുറ്റിലഞ്ഞി,
ഇരമല്ലൂർ പി.ഒ., കോതമംഗലം

# നവരാത്രി നൃത്തസംഗീതോത്സവം

മലയാള ബ്രാഹ്മണ സമാജം കോട്ടയം ജില്ല സമിതിയുടെയും ജില്ലാ യുവജന വേദിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നവരാത്രി നൃത്ത സംഗീതോത്സവം സംഘടിപ്പിക്കുന്നു. മഹാനവമി ദിനമായ ഒക്ടോബർ 7ന് ആണ്ടൂർ ശാഖയിൽ കുമ്മണൂർ നടയ്ക്കാംക്കുന്നു ദേവി ക്ഷേത്ര ശങ്കരാചാര്യമണ്ഡപത്തിൽ വച്ചു മുഴുവൻ ദിന പരിപാടിയായാണ് നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്കും പങ്കെടുക്കുന്നതിനും വിളിക്കുക

**വിപിൻ ചന്ദ്രൻ 94963 24312**
(സ്വാഗതസംഘം കൺവീനർ)

**കവിത കണ്ണൻ 98464 28990**
(ആണ്ടൂർ ശാഖ സെക്രട്ടറി)

**ബാബുകുമാർ 94460 54154**
(കോട്ടയം ജില്ലാ പ്രസിഡന്റ്)



അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ

വിവിധ മേഖലകളിൽ ലോകം എങ്ങിനെ പ്രവർത്തിക്കുന്നുവെന്ന് ആ രംഗങ്ങളിലെ വിദഗ്ദ്ധർ വായനക്കാരെ പരിചയപ്പെടുത്തുന്ന പംക്തിയാണിത്. (നാനാ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സമാജംഗങ്ങളിൽ നിന്നും ഇത്തരത്തിലുള്ള കൗതുകകരവും വിജ്ഞാനപ്രദവുമായ ലേഖനങ്ങൾ ക്ഷണിക്കുന്നു. വിഷയങ്ങൾക്ക് പരിധിയില്ല. ക്ഷേത്രവിജ്ഞാനം മുതൽ റോക്കറ്റ് വിക്ഷേപണം വരെ ആകാം. ലേഖനം ബ്രഹ്മശ്രീയുടെ മൂന്നു പേജിൽ കൂടുതൽ ആകരുതെന്നു മാത്രം : പത്രാധിപർ)

# നിയമ പരിഹാരം എവിടെ?

അഡ്വ.വിജി.വി.നമ്പൂതിരി
(തൊടുപുഴ കോടതിയിലെ അഭിഭാഷകയാണ് ലേഖിക)
9400792678

പൊതു അവധി ദിവസത്തിന്റെ സ്വാഭാവിക കർമ്മ സപര്യയിൽ മുഴുകിയിരിക്കുമ്പോഴാണ് ഉറച്ചതും എനിക്കേറെക്കുറെ പരിചിതവുമായ ഒരു കുമാരി ശബ്ദം എന്റെ കാതുകളെ മക്കളുടെ പഠനമുറിയിലേക്ക് കൂട്ടിക്കൊണ്ടു പോയത്. കൊലപാതകം ശിക്ഷാർഹമെന്നറിയില്ലേ? ''നിങ്ങൾക്കെതിരെയുള്ള കൊലപാതക കുറ്റം സംശയാതീതമായി തെളിയിക്കപ്പെട്ടിരിക്കുന്നതിനാൽ ഈ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി നിങ്ങളെ മരണം വരെ തൂക്കിലേറ്റാൻ വിധിക്കുന്നു!'' മക്കൾ രണ്ടാളും കോടതി രംഗം കളിക്കുകയാണ്. വീടു തുടയ്ക്കുക, തുണി നനയ്ക്കുക, വണ്ടി കഴുകുക തുടങ്ങിയ അനിവാര്യതകളെ നിഷ്ക്കരുണം ഒരു വശത്തേക്ക് തള്ളി മാറ്റി ഞാൻ ആ കോടതി മുറിയിൽ പ്രവേശിച്ചു. ഒരു വക്കീലായ എനിക്ക് ഈ അന്യായത്തെ സഹിക്കുക വയ്യായിരുന്നു. എന്നെ കണ്ടപ്പോൾ ഘോര ഘോരം വാദം പറഞ്ഞ വക്കീലിനും വിധി പറഞ്ഞ് പേന മേശപ്പുറത്ത് കുത്തിയൊടിച്ച (എന്റെ 25 രൂപയുടെ പേന!) ന്യായാധിപയ്ക്കും നാണം വന്നു. കളിയാണെങ്കിലും വസ്തു നിഷ്ഠമായ കാര്യങ്ങളേ പറയാൻ പാടുള്ളൂ എന്ന തുടക്കത്തോടെ ഞാൻ ഒരു പ്രഭാഷണത്തിന് തുടക്കമിട്ടു.

'''മക്കളേ, ഓരോ നിയമപ്രശ്നങ്ങൾക്കും ഓരോ പരിഹാര മാർഗ്ഗങ്ങളുണ്ട്. നിയമപരമായ ഒരു അവകാശം നിഷേധിക്കുകയാണെങ്കിൽ അതിനൊരു നിയമാനുസൃത പരിഹാരവുമുണ്ട്. ഇങ്ങനെ നിയമ അവകാശം നഷ്ടപ്പെട്ടവർക്ക് പരിഹാരം ലഭ്യമാക്കുന്നതിനാണ് നമ്മുടെ നാട്ടിൽ വിവിധ തരം കോടതികൾ സ്ഥാപിച്ചിട്ടുള്ളത്. തർക്ക സ്വഭാവമനുസരിച്ചും ശിക്ഷയുടെ കാലാവധിയനുസരിച്ചുമൊക്കെ കോടതികളെ പലതായി തിരിച്ചിട്ടുണ്ട്.''

''അതിന് ? അതിന്, ഞങ്ങളെന്തു വേണം?''- മൂത്തവളായ ന്യായാധിപ നെറ്റിചുളിച്ചു. ''പറയാം.... കേസുകളെ പൊതുവെ സിവിൽ കേസുകളെന്നും ക്രിമിനൽ കേസുകളെന്നും വേർതിരിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ സിവിൽ കോടതികളും ക്രിമിനൽ കോടതികളും നിലവിലുണ്ട്. കൂടാതെ ഭരണ നിർവഹണത്തിന്റെ ഭാഗമായി ക്രമസമാധാനം നിലനിർത്തുന്നതിനും, കുറ്റകൃത്യങ്ങൾ തടയുന്നതിനും ആവശ്യമായ അധികാരങ്ങൾ ഉള്ള എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരുമുണ്ട്. ഇവരുടെ സ്ഥാനപ്പേരുകൾ സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റ്, അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ്, ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് എന്നിങ്ങനെയാണ്.

## സിവിൽ കോടതികൾ

സ്ഥാവര ജംഗമ വസ്തുക്കൾ, വഴിയവകാശം, പണമിടപാടുകൾ, പിൻതുടർച്ചാവകാശം, കരാർ ഉടമ്പടികൾ മുതലായവ സംബന്ധിച്ചുള്ള തർക്കങ്ങൾ എന്നിവയിൽ സിവിൽ കോടതികളാണ് തീർപ്പു കൽപ്പിക്കുന്നത്. സിവിൽ തർക്ക പരിഹാരങ്ങൾക്കായി സമീപിക്കാവുന്ന ഏറ്റവും താഴെത്തട്ടിലുള്ള കോടതികളാണ് മുൻസിഫ് കോടതികൾ. പത്തുലക്ഷം രൂപയിൽ കവിയാത്ത തർക്കങ്ങൾ മുൻസിഫ് കോടതിയിൽ വരുന്നു. ഈ കോടതിയിലെ ന്യായാധിപനെ 'മുൻസിഫ്' എന്നാണ് വിളിക്കുക. ശൂരനാട്ടെ മുൻസിഫ് മുത്തശ്ശനെപ്പറ്റി കേട്ടിട്ടുണ്ടല്ലോ നിങ്ങൾ ല്ലേ? അതിനു മുകളിലായി സബ് കോടതിയും അതിനും മുകളിൽ ജില്ലാ കോടതിയും ഹൈക്കോടതിയും ഏറ്റവും ഉയർന്ന തട്ടിൽ സുപ്രീം കോടതിയും നിലകൊള്ളുന്നു. എന്നു പറഞ്ഞാൽ മുൻസിഫ് കോടതിയിലെയോ, സബ് കോടതിയിലെയോ വിധിക്കെതിരെ നമുക്ക് ജില്ലാ കോടതിയിലും ഇനി ജില്ലാ കോടതിയിലെ വിധിക്കെതിരെ വേണമെങ്കിൽ ഹൈക്കോടതിയിലോ സുപ്രീം കോടതിയിലോ വരെയും അപ്പീൽ പോകാമെന്ന് സാരം.

10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാമ്പത്തിക പ്രശ്നങ്ങൾ സബ് കോടതിയാണ് പരിഗണിക്കുന്നത്. എന്നാൽ 20 ലക്ഷത്തിൽ കൂടുതൽ തുക ഉൾപ്പെട്ടിട്ടുള്ള ബാങ്ക് കേസുകൾ കൈകാര്യം ചെയ്യേണ്ടത് Debt Recovery Tribunal കളാണ്. സബ് കോടതിയിൽ സിവിൽ സ്വഭാവമുള്ള കേസുകൾ മാത്രമല്ല പരിഗണിക്കുന്നത്. സബ് കോടതിക്ക് അസിസ്റ്റന്റ് സെഷൻസ് കോടതി എന്ന സ്ഥാനം കൂടിയുണ്ട്. അസിസ്റ്റന്റ് സെഷൻസ് കോടതി തീർപ്പാക്കുന്നത് ക്രിമിനൽ കേസുകളാണ്. ഈ കോടതിക്ക് 10 വർഷത്തിൽ കൂടുതൽ തടവ് ശിക്ഷ വിധിക്കുവാനുള്ള അധികാരമില്ല.

## ക്രിമിനൽ കോടതികൾ

ക്രിമിനൽ സ്വഭാവമുള്ള കേസുകൾ പരിഗണനയ്ക്ക് വരുന്നത് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ മുമ്പാകെയാണ്. പോലീസ് സ്റ്റേഷനിൽ നിന്നും ജാമ്യം ലഭിക്കാത്ത കുറ്റകൃത്യങ്ങൾക്ക് ജാമ്യം അനുവദിക്കാനുള്ള അധികാരം മജിസ്ട്രേറ്റിനുണ്ട്. മൂന്നു വർഷംവരെ തടവും 10,000 രൂപ വരെ പിഴയും ശിക്ഷ ലഭിക്കാവുന്ന കേസുകൾ മാത്രമേ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ തീർപ്പാക്കാൻ പറ്റൂ. ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ തൊട്ടു മുകളിലാണ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി (സി.ജെ.എം) യുടെ സ്ഥാനം.



എന്തിനന്യവിപത്തുകളഥവാ തേടുന്നു കഷ്ടം
സ്വന്തവാളാൽ സ്വയം വെട്ടി നശിപ്പൂമർത്ത്യൻ

ആ കോടതിക്ക് പരമാവധി 7 വർഷത്തിൽ കൂടാതെയുള്ള തടവു ശിക്ഷയും അതിരുകളില്ലാതെ പിഴയും വിധിക്കുവാൻ അധികാരമുണ്ട്. മജിസ്ട്രേറ്റ് കോടതികളുടെ ഭരണപരമായ നിയന്ത്രണം സി.ജെ.എം. കോടതിക്കാണ്. മുകളിലേയ്ക്ക് അസിസ്റ്റന്റ് സെഷൻസ് കോടതിയും സെഷൻസ് കോടതിയും നിലവിലുണ്ട്. ഒരു ജില്ലയിൽ ഒന്നിലധികം അഡീഷണൽ സെഷൻസ് കോടതികളും ഉണ്ടാവാം. കേസിന്റെ ബാഹുല്യമനുസരിച്ചാണ് അഡീഷണൽ കോടതികൾ നിലവിൽ വരുന്നത്. മജിസ്ട്രേറ്റ് കോടതികളിൽ നിന്നുള്ള അപ്പീലുകളും സെഷൻസ് ജഡ്ജിക്ക് മാത്രമായി വിചാരണ നടത്തുവാൻ അധികാരപ്പെട്ട കേസുകളും ഇവുടെ പരിഗണനയ്ക്ക് വരുന്നു.

കൊലപാതക കുറ്റം ജീവപര്യന്തം തടവു ശിക്ഷയോ തൂക്കുകയറോ വരെ ലഭിക്കാവുന്ന കുറ്റമാണ്. ''ആ കേസ് ഏതു കോടതിയിലാണ് യുവർ ഓണർ, വിധി പറയുക? ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലോ അതോ സെഷൻസ് കോടതിയിലോ?''

തൂക്കുകയറും വിധിച്ച്, പേനയും കുത്തിയൊടിച്ച് വിധി നടപ്പാക്കാൻ വെമ്പി നിന്ന ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്, ചുണ്ടൊന്നു കോട്ടി കോടതിയിൽ നിന്നും ചവിട്ടിത്തുള്ളി ഇറങ്ങിപ്പോയി.

''അപ്പോളമ്മേ! വിവാഹമോചന കേസുകളൊക്കെ സെഷൻസ് കോടതിയിലാണോ വരിക?'' ഇളയ മകളുടെ ചോദ്യമെനിക്ക് നന്നേ ഇഷ്ടമായി. ''അല്ല കുട്ടീ, വിവാഹമോചനവുമായി ബന്ധപ്പെട്ട കേസുകൾക്കായി കുടുംബകോടതികൾ നിലവിൽ വന്നിട്ടുണ്ട്. ഓരോ ജില്ലയിലും ചിലപ്പോൾ ഒന്നിൽ കൂടുതൽ കുടുംബ കോടതികളുണ്ട്. ഇതിനൊക്കെ പുറമേ വിവിധ തരം ഫോറങ്ങളും, ട്രിബ്യൂണലുകളും നിലവിലുണ്ട്. വാഹനാപകട നഷ്ട പരിഹാര ട്രിബ്യൂണലുകൾ, വ്യവസായ തൊഴിൽത്തർക്ക ട്രിബ്യൂണലുകൾ, ഉപഭോക്തൃ തർക്ക പരിഹാര ഫോറം, ലാന്റ് ട്രിബ്യൂണലുകൾ, വിജിലൻസ് കോടതികൾ, മയക്കുമരുന്നുമായി ബന്ധപ്പെട്ട എൻ.ഡി.പി.എസ്. കോടതികൾ, കുട്ടികൾക്കെതിരെയുള്ള ലൈംഗികാക്രമണ കേസുകൾക്കായി പോക്സോ കോടതികൾ തുടങ്ങിയ എത്ര തരം കോടതികൾ! ഇതിനും പുറമേ ഒരു പൊതുസേവകന്റെ അധികാര ദുർവിനിയോഗം മൂലം കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ പരാതിപ്പെടുന്നതിന് ലോകായുക്തയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ബാങ്കിംഗ്, ഇൻഷുറൻസ് എന്നീ മേഖലകളുമായി ബന്ധപ്പെട്ട പരാതികൾ കേൾക്കുന്നതിന് ഓംബുഡ്സ്മാൻ എന്ന അധികാര സ്ഥാപനവുമുണ്ട്.

ഈശ്വരാ! ഈ കോടതികൾക്കൊക്കെ ആവശ്യമായ കേസുകൾ ഈ നാട്ടിലുണ്ടോ? പിന്നില്ലാതെ... വഴക്കും തർക്കവുമെല്ലാം മനുഷ്യന്റെ കൂടപ്പിറപ്പുകളല്ലേ.

ദൈവമേ! ജോലിയൊക്കെ തീർന്ന് ഒരു മണിക്കൂളിൽ ഉച്ചഭക്ഷണം വിളമ്പിയില്ലെങ്കിൽ അതുമൊരു കേസാവുമല്ലോ എന്ന് വേപഥു പൂണ്ട് മോപ്പും ബക്കറ്റും കയ്യിലെടുത്ത് ഞാനെന്റെ ജീവിതത്തിലേക്ക് തിരികെപ്പോയി.

**കവിത**

# കല്യാണപ്പെണ്ണിനെ കാണാനില്ല

(വി.എൻ. വാസുദേവൻ ഇളയത്,
വാളമറ്റത്ത് ഇല്ലം, കോതമംഗലം 9495800950)

താലിയും മാലയും ചാർത്തി നിന്ന
കല്യാണപ്പെണ്ണിനെ കാണാതായി!
മിന്നണിഞ്ഞങ്ങിനെനിന്നിരുന്ന
കന്യയെക്കാണാനില്ലാതെയായി!
മിന്നിത്തിളങ്ങും മനസ്സുമായി,
പൊന്നണിയുന്നൊരു മേനിയുമായ്
ആർപ്പും കുരവയും കേട്ടു, മോദാൽ
വീർപ്പുമുട്ടീടും ഹൃദന്തമോടെ
ഇത്തിരിമുമ്പവൾ നിന്നതല്ലേ?
ഇഷ്ടമംഗല്യമണിഞ്ഞതല്ലേ?
മണ്ഡപത്തീന്നിങ്ങിറങ്ങിയുള്ളു
മാംഗല്യകന്യകയ്ക്കെന്തുപറ്റി?
ആയിരത്തോളമതിഥികളാൽ
ആനന്ദമെങ്ങും മുഴങ്ങിനിന്നു.
ആഢ്യന്മാർ, പിന്നെ പ്രതാപവാന്മാർ,
ആഡംബരക്കാറണിനിരന്നു
മംഗളവാദ്യഘോഷങ്ങളാലെ
മാംഗല്യമുത്സവംപോലെയാർന്നു.
എന്തൊരുപന്തികേടാണിതെന്നു
ചിന്തിച്ചുനിന്നു ജനങ്ങൾ സ്തബ്ധം !
അച്ഛനുമമ്മയും നോവുതിന്നു
ഈർച്ചവാൾമൂർച്ചയിൽ തെല്ലുനേരം
അപ്പോളതാകണ്ടുപെൺകൊടിയെ
അല്പദൂരത്തായിപടിപ്പുരയിൽ
ആർത്തിയാൽ സദ്യയുണ്ണുന്നുചാരെ
വൃദ്ധനായുള്ളൊരുയാചകൻതാൻ!
നെറ്റിചുള്ളിഞ്ഞങ്ങുനിന്നു ചിലർ,
നീരസമെന്തോപുലമ്പി ചിലർ.
ചോറവിടെങ്ങാനുമുണ്ടോ സാറേ....
ചോദ്യംപലവട്ടം കേട്ടതല്ലേ?
കാതില്ലാതുള്ളവർ കേട്ടതില്ലാ–
കാതുള്ളയാളവൾകേട്ടു, പക്ഷേ
ആവിശപ്പിൻവിളികെട്ടടങ്ങാൻ
ആവതില്ലാതവൾപോയതല്ലേ?
സദ്യവട്ടങ്ങൾ വിളമ്പിനിൽക്കേ
ഹൃദ്യമായിതോന്നിയവൾക്ക് സർവ്വം!
യാചകൻ തന്റെ വിശപ്പടങ്ങി
യാത്രയും ചൊല്ലി നടന്നുനീങ്ങി.
പൊന്നുംകുടത്തെ മാറോടണച്ചു
കണ്ണുനിറഞ്ഞമ്മ നിന്നുപോയി!

**പ്രസന്നത**

**സെൻ**

**മൗനത്തെക്കാൾ സൗന്ദര്യം**
**പദങ്ങൾക്കില്ല**
**ഇന്നിനേക്കാൾ പ്രസന്നത**
**നാളേയ്ക്കില്ല**
**വന്നതിനും പോയതിനും**
**വരാനുള്ള സ്വപ്നങ്ങൾക്കും**
**ഞാനെന്നെ അറിയുമ്പോൾ പ്രസക്തിയില്ല**





സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും

# സിത്താറിലെ ശ്രീ

(സിത്താറിൽ വിസ്മയം വിടർത്തുന്ന
ശ്രീജാ രാജേന്ദ്രനെക്കുറിച്ച്)

തൃശൂർ ജില്ലയിലെ അഷ്ടമിച്ചിറയിൽ ചുണ്ടേക്കാട്ട് ഇല്ലത്ത് മുരളീധരന്റെയും മിനിയുടെയും മകളാണ് ശ്രീജ. ഹൃദയം നിറയെ സംഗീതവും സ്നേഹവുമുള്ള 'അമ്മ മിനിയുടെ പാലൂട്ടും താരാട്ടുമായിരുന്നു ശ്രീജയുടെ പ്രധാന ഊർജ്ജം. സംഗീതത്തിലും സാഹിത്യത്തിലും ഒരുപോലെ തത്പരനായ അച്ഛൻ മുരളീധരൻ സംഗീത അധ്യാപകനാണ്. സംഗീതപരമായ ഒരുപാട് അറിവുകൾ അച്ഛനിൽ നിന്ന് ശ്രീജക്ക് ലഭിച്ചു. പാരമ്പര്യത്തിന്റെ ഈ നിറവാണ് ശ്രീജയുടെ കലാവഴിയിലെ ശ്രുതിയും താളവും.

കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ രണ്ടു വർഷത്തെ സംഗീതപഠന ശേഷം തൃശ്ശൂർ ചേതന മ്യൂസിക് അക്കാദമിയിൽ ചേർന്ന് ശ്രീ കൃഷ്ണകുമാർ മാസ്റ്ററുടെ കീഴിൽ സിത്താർ പഠനം ആരംഭിച്ചു. ഇതിനോടൊപ്പം തന്നെ തൃശൂർ ചെമ്പുക്കാട്ട് ഇല്ലത്ത് ശ്രീമതി ജയശ്രീ സുന്ദരേശന്റെ കീഴിൽ കർണ്ണാടക സംഗീതവും അഭ്യസിച്ചു. അധ്യാപകനായിരുന്ന കൃഷ്ണകുമാർ മാസ്റ്ററുടെ നിർദ്ദേശപ്രകാരം കർണ്ണാടകയിലെ ധാർവാഡിൽ പോവുകയും അവിടെ ഉസ്താദ് ഹമീദ് ഖാന്റെ കീഴിൽ സിത്താർ ഉപരിപഠനം നടത്തുകയും അതിൽ ഡിപ്ലോമ കരസ്ഥമാക്കുകയും ചെയ്തു.

നാട്ടിൽ തിരിച്ചെത്തിയ ശേഷം ചേന്ദമംഗലം ഞെരിഞ്ഞാംപിള്ളി ഇല്ലത്ത് രവീന്ദ്രന്റെയും ശ്രീലതയുടേയും മകൻ രാജേന്ദ്രനുമായുള്ള വിവാഹം നടന്നു. സംഗീതത്തിൽ ബിരുദാനന്തര ബിരുദവും, പ്രശസ്ത സംഗീത സംവിധായകൻ ശ്രീ ജി ദേവരാജൻ മാസ്റ്ററുടെ 'ശക്തിഗാഥ' ഗാനസംഘത്തിലെ ഗായകനും ആയ രാജേന്ദ്രന്റെ എല്ലാ പിന്തുണയും ശ്രീജക്ക് കൂടുതൽ കരുത്തും ഊർജ്ജവും പകർന്നു. രാജേന്ദ്രന്റെയും ലതരവീന്ദ്രന്മാരുടെയും നിർലോഭമായ സഹകരണമാണ് തന്റെ സിത്താർ പഠനം തുടരുന്നതിനും പരിപാടികൾ അവതരിപ്പിക്കുന്നതിനുമുള്ള പ്രചോദനം എന്ന് ശ്രീജ പറയുന്നു.

കോട്ടയത്തായിരുന്നു ശ്രീജയുടെ ആദ്യ സിത്താർ കച്ചേരി. പിന്നീട് തിരൂർ തുഞ്ചൻപറമ്പിൽ പ്രശസ്ത തബല വാദകൻ ശ്രീ അനുബ്രത ചാറ്റർജിയോടൊപ്പം സിത്താർ വായിക്കാൻ കഴിഞ്ഞത് വഴിത്തിരിവായി മാറി. കൂടുതൽ വേദികളിലേക്ക് ശ്രീജ ക്ഷണിക്കപ്പെടാൻ ഇത് കാരണമായി. അതിൽ എടുത്തു പറയേണ്ടത് കഥക് ഡാൻസിന് പിന്നണി വായിക്കാൻ സാധിച്ചതാണ്. ഡൽഹിയിൽ നിന്നും പൂനയിൽ നിന്നും വന്ന പ്രശസ്ത കഥക് നർത്തകിമാർക്കൊപ്പം വേദി പങ്കിടാൻ സാധിച്ചു. അതിനു ശേഷം കേരളത്തിലെ കഥക് ഡാൻസർ ആയ ദീപ കർത്താക്കൊപ്പം ഫ്ളവേഴ്സ് ചാനലിൽ കോമഡി ഉത്സവ് എന്ന പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചു.

വളരെയധികം അനുമോദനങ്ങളും പ്രോത്സാഹനങ്ങളും ലഭിച്ച ഒരു പരിപാടിയായിരുന്നു 'കുസാറ്റിൽ' ശ്രീജ അവതരിപ്പിച്ചത്. തുടർന്ന് മറ്റൊരു വേദിയിൽ ശ്രീജയുടെ സിത്താർ വാദനം



ശ്രീജ രാജേന്ദ്രൻ
ഞെരിഞ്ഞാംപിള്ളി ഇല്ലം, ചേന്ദമംഗലം

കേൾക്കാനിടയായ നടനും എഴുത്തുകാരനുമായ ശ്രീ വി കെ ശ്രീരാമൻ കൈരളി ചാനലിലെ 'വേറിട്ട കാഴ്ചകൾ' എന്ന പരിപാടിയിലൂടെ ശ്രീജയെ ജനങ്ങൾക്ക് പരിചയപ്പെടുത്തി. നാട്ടിക ആയുർവേദ ബീച്ച് റിസോർട്ടിൽ എല്ലാ ബുധനാഴ്ചയും സിത്താർ വാദനത്തിനുള്ള അവസരവും ശ്രീജക്കു ലഭിച്ചു. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ മാസ്മരികത വിദേശികൾക്ക് പരിചയപ്പെടുത്താൻ ഇതിലൂടെ ശ്രീജക്ക് സാധിക്കുന്നു.

ചണ്ഡീഗഡിലുള്ള ഡോ. അശോക് കുമാറിന്റെ കീഴിൽ ഓൺലൈൻ ആയി സിത്താർ പഠനം ശ്രീജ ഇപ്പോഴും തുടരുന്നു. അതോടൊപ്പം 'സംഗീത വിശാരദ്' പരീക്ഷക്ക് അദ്ദേഹത്തിന്റെ കീഴിൽ തയ്യാറെടുക്കുകയും ചെയ്യുന്നു. ഇപ്പോൾ പറവൂർ ഇൻഫന്റ് ജീസസ് സ്കൂളിലെ സംഗീതാധ്യാപികയായി ജോലി നോക്കുന്ന ശ്രീജ കുട്ടികളുടെ സംഗീത പഠനത്തിനായി പ്രാഥമിക പാഠങ്ങൾ അടങ്ങുന്ന മൂന്ന് പുസ്തകങ്ങൾ വിദ്യാലയത്തിനായി തയാറാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം CMI ക്രിസ്ത്യൻ സഭ മികച്ച സംഗീത അധ്യാപികക്കുള്ള പുരസ്കാരം ശ്രീജക്കു നൽകുകയുണ്ടായി.

മകൻ ഇന്ദ്രജിത്ത് എട്ടാം ക്ലാസ്സിൽ പഠിക്കുന്നു. ഹിന്ദുസ്ഥാനി വായ്പാട്ട് അഭ്യസിക്കുന്ന ഇന്ദ്രജിത്ത് അമ്മയുടെ കീഴിൽ സിത്താറും അഭ്യസിക്കുന്നു. ശ്രീജയുടെ സഹോദരൻ ഹരികൃഷ്ണൻ സംഗീതാധ്യാപകനും ഗായകനും, ഭർത്തൃ സഹോദരൻ കൃഷ്ണനുണ്ണി ശബ്ദലേഖകനുമാണ്. കേരളത്തിനു പുറത്ത് പോയി സിത്താർ അഭ്യസിച്ച് പരിപാടികൾ അവതരിപ്പിക്കുന്ന ഏക മലയാളി വനിത എന്ന പ്രത്യേകതയും ശ്രീജക്കുണ്ട്.

ശ്രീജയ്ക്കും രാജേന്ദ്രനും കുടുംബാംഗങ്ങൾക്കും എല്ലാ ഭാവുകങ്ങളും ബ്രഹ്മശ്രീ നേരുന്നു.

**ന ധർമ്മഃ പ്രീയതേ, താത,**
**ദാനൈർ ദത്തൈർ മഹാഫലൈഃ**
**ന്യായ ലബ്ധൈർ യഥാ സൂക്ഷ്മൈഃ**
**ശ്രദ്ധാപൂതൈഃ സതുഷ്യതി** (മ. 14-90-98,99)

ഉണ്ണീ, മഹത്തായ ഫലമുദ്ദേശിച്ചു ചെയ്യുന്ന വലിയ ദാനങ്ങളെക്കാൾ ധർമ്മദേവനെ പ്രീതിപ്പെടുത്തുന്നത്, ന്യായമാർഗ്ഗത്തിലൂടെ സമ്പാദിച്ചതും ശ്രദ്ധാപൂർവ്വം നൽകപ്പെടുന്നതുമായ തുച്ഛമായ ദാനമാണ്.



ഗാനത്തിന്റെ ലഹരിയിലെന്നിലെ
ഞാനലിഞ്ഞലിഞ്ഞില്ലാതെയാവട്ടെ

# വിപ്ര വിശേഷം

ഗിരിജ എൻ.നമ്പൂതിരി,
വടുതലായിൽ ഇല്ലം കുടക്കച്ചിറ



ശങ്കരപാദം വന്ദിച്ചിന്നൊരു
സങ്കടമുള്ളതുണർത്തിച്ചീടാം
ശങ്കരസൂനോശങ്കവെടിഞ്ഞീ
സങ്കടമൊന്നുചെവിക്കൊള്ളേണം
ശാന്തസ്വഭാവം കൈമുതലായോ
രന്തണവർഗ്ഗത്തിൻ കഥചൊല്ലാൻ
നിന്തിരുവടിയുടെ കാരുണ്യത്താൽ
ചിന്തമനസ്സിലുദിച്ചീടുന്നു
വിപ്രവിശേഷം ഒട്ടുചുരുക്കി
ക്ഷിപ്രംചൊൽവതസാദ്ധ്യമതത്രേ
അപ്രിയമുള്ളിലതുണ്ടെന്നാലും
ഉൾപ്രിയമുള്ളോരൊട്ടുക്ഷമിയ്ക്കു
ശാന്തിയതേറ്റൊരുക്ഷേത്രത്തിൽതൻ
ശാന്തിയ്ക്കായിട്ടന്നൊരു ഭൂസുരൻ
ശാന്തിതുടങ്ങിദിനങ്ങൾപോകെ
ശാന്തിനശിച്ചു മനസ്സിന്നുള്ളിൽ
അഞ്ചുമണിയ്ക്കുതുറക്കേണം നട
അഞ്ചാതങ്ങുഗമിയ്ക്കുക വേണം
പത്തുവരേയ്ക്കുണ്ടമ്പലജോലി
പത്തരയായൽ പത്തനമെത്താം
പത്തനമെത്തി ഭക്ഷണശേഷം
വിശ്രമമാവാമഞ്ചുവരേയ്ക്കും
കഷ്ടിച്ചോടിഗൃഹത്തിലണഞ്ഞാൽ
കഷ്ടം താനവിടൊറ്റയ്ക്കാകും
പ്രേയസിജോലിയ്ക്കായിഗമിക്കും
മക്കൾസ്കൂളിലുമെത്ര വിചിത്രം
വൈകിട്ടവരു തിരിച്ചെത്തുമ്പോൾ
ശാന്തിക്കാരനതമ്പലമെത്തും
ശമ്പളമല്പം തുച്ഛമതെന്നാൽ
ദക്ഷിണയുംകൂടൊരുവിധമൊക്കും
കഷ്ടപ്പാടുസഹിക്കാതെങ്ങനെ
അഷ്ടിയ്ക്കുള്ളവ നേടാൻപറ്റും
ചിന്തിച്ചുപുനരിങ്ങനെപിന്നെ-
അന്തരമുണ്ടായ് വന്നിതുഹൃത്തിൽ
ജീവിതമല്ലേ? പ്രാരബ്ധങ്ങളു
മേറുന്നുണ്ടുദിനംപ്രതിയെന്നാൽ
വിദ്യാഭ്യാസച്ചിലവുകളേറെ
പെട്രോൾ ഡീസലുവിലയുംകേമം
അരിയുംപാലുംപച്ചക്കറിയും
വിലയിൽവളരെ കേമൻതന്നെ
വിലയില്ലാതെ മനുഷ്യൻമാത്രം
അറിയുന്നീലെന്നുള്ളതുസത്യം
ബന്ധുജനങ്ങൾ മരിച്ചെന്നാലും
സന്ധിയതില്ലിവിടാളേവേണം
മുട്ടിനൊരാളെകണ്ടുപിടിയ്ക്കാ
തിഷ്ടനു മാറാൻ പറ്റുകയില്ല
ബഹുമാനത്തൊടു ഭക്തജനത്തിൽ
തിരുമേനീ വിളികേൾക്കുന്നേരം
അറിയാമീശ്വരതുല്യർ നാമെ
ന്നിതുപോൽ ഭാഗ്യമിതാർക്കുണ്ടാവും
ഈശ്വരപൂജനടത്താൻയോഗം
ഭൂസരരാമീ നമ്മൾക്കുളവായ്
ഈ സുഖചിന്ത മനസ്സിലുറച്ചാൽ
ശാശ്വതസൗഖ്യമൊടെന്നും വാഴാം.

# ഇല്ലങ്ങളിലെ ഭാഷ

**സി.വി.ശങ്കരൻ ചേലാമറ്റത്തില്ലം**

**ഓമനപ്പേരുകൾ**

അമ്മു, അമ്മുകുട്ടി, അപ്പു, അപ്പുക്കുട്ടൻ, ഉണ്ണി, കുഞ്ഞുണ്ണി, ഉണ്ണികുട്ടൻ, കുഞ്ചു, കുട്ടൻ, കുട്ടപ്പൻ, കുഞ്ഞിക്കുട്ടൻ, അമ്പാടി, അമ്മിണി.

**ശകാരപ്പേരുകൾ**

ഏഭ്യൻ, ശപ്പൻ, വഷളൻ, ഉണ്ണാമൻ, അണ്ടൻ അടകോടൻ, മൊശൊടൻ, മൂശേട്ട, മൂതേവി, ഏട്ഠ, വിഢി, വിഢ്യാസുരൻ, കോന്തൻ, ഇളിഭ്യൻ

**പലവക പദങ്ങൾ**

പൂവില്ലാത്ത പുഷ്പാഞ്ജലി = ശകാരം

നെടുനെട്ടായ നമഃ - വെറുതെയങ്ങു നീണ്ടു നിവർന്നു നില്ക്കുക

ഘാസുക - മൂക്കറ്റം ഭക്ഷിക്കുക

നസ്യം പറയുക - ആക്ഷേപിച്ചുപറയുക

പലവക പദങ്ങൾ തേവാരം - ദേവകാര്യം ആരാധനാമൂർത്തികളുടെ പ്രതിമകൾവച്ച് ദിവസവും നിവേദ്യം അർപ്പിക്കൽ.

പഞ്ചമൂർത്തികൾ - ആദിത്യനംബികവിഷ്ണു-ഗണനാഥന്മഹേശ്വരൻ

നേദിയ്ക്കുക - മണികൊട്ടിപ്പൂജയില്ലാതെ ചുരുങ്ങിയ തോതിൽ നിവേദ്യമർപ്പിക്കുക

കണക്കുപിടുത്തം - നാമം ജപിക്കുമ്പോഴും പുഷ്പാഞ്ജലിക്കും എണ്ണം പിടിയ്ക്കുക. ജപമാലയോ കൈവിരലുകളോ ഉപയോഗിക്കാം

അക്ഷതം - മുറിയാത്ത ഉണക്കലരിയും നെല്ലും കൂടിച്ചേർന്നത്.

അന്തിമുടിക്കുക -സന്ധ്യാവന്ദനകർമം സമാപിക്കുക.

അമ്മത്ത് - അമ്മയുടെ ഇല്ലം

അരിഷ്ടിക്കുക - ഇല്ലായ്മ കൊണ്ടുവിഷമിക്കുക

ആട്ടപിറന്നാൾ - ആണ്ടുപുറന്നാൾജനിച്ച മാസത്തിൽ ജന്മനക്ഷത്രം വരുന്നദിവസം

കവ്യം - ബലിക്കു ഉണക്കലരി വേവിച്ച് വാർത്തെടുക്കുക

ഹവിസ്സ് - ഹോമിക്കാൻ വേണ്ടി ഉണക്കലരി അധികം വേവിക്കാതെ വറ്റിച്ചെടുക്കുക.

ഉണക്കൽ നിവേദ്യം - നിവേദിക്കാൻ ഉണക്കലരി വേവിച്ച് വറ്റിച്ചെടുക്കുക.

നിവേദ്യം - നിവേദിക്കാനുള്ള എല്ലാ വസ്തുക്കളും

വെച്ചുനിവേദ്യം - ഉണക്കലരിവച്ചുണ്ടക്കുന്ന ചോറ്, പായസം പോലുള്ളവ

കടിയ്ക്കുനീർ - ഉണ്ണാൻ തുടങ്ങുമ്പോൾ പ്രാണാഹുതിക്കുവേണ്ടിക്കൊടുക്കുന്ന വെള്ളം.

കീഴ്ക്കട - പൂർവ്വാചാരം

ആപ്യായിക്കുക - തലോടുക

ആപ്യായിച്ചു പ്രോക്ഷിക്കുക - കിണ്ടിയുടെ വായ തലോടി കിണ്ടിവാലിൽനിന്നു വെള്ളം കൈയിൽ പകർന്നു കിണ്ടിയുടെ വായിലൊഴിക്കുക ഒഴുക്കുനീറ്റിലഴുക്കില്ല എന്നതാകാം അടിസ്ഥാനം.

ഇടത്തുകിണ്ടി - പൂജയിൽ ഇടയ്ക്കിടയിക്കു കൈനനച്ചു ശുദ്ധിയാക്കാനുപയോഗിക്കുന്നു.

കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻ പരാജയം

# ചന്ദ്രനിൽ യശസ്സുയർത്തി മഞ്ചേരിക്കാരൻ



ചന്ദ്രയാൻ 2, Sept 7 ന് ചന്ദ്രന്റെ ഉപരിതലത്തിൽ ഇറങ്ങുമ്പോൾ യശസ്സുയർത്താൻ മഞ്ചേരിക്കാരനും. വി.എസ്.എസ്.സിയുടെ ഡെപ്യൂട്ടി ഡയറക്ടർമാരിൽ ഒരാളായ മഞ്ചേരി കരിക്കാട് സ്വദേശി മങ്ങോട്ടശ്ശേരി മനയ്ക്കൽ ശ്രീ നാരായണൻ നമ്പൂതിരിപ്പാടാണ് ഈ ദൗത്യത്തിൽ പങ്കാളിയായത്. ഉപഗ്രഹവിക്ഷേപണ വാഹനങ്ങളുടേയും ഏവിയോണിക്സ് സംവിധാനങ്ങളുടേയും ചുമതലയാണ് ഇദ്ദേഹത്തിനുള്ളത്. ഔട്ട്സ്റ്റാൻഡിങ്ങ് ശാസ്ത്രജ്ഞരുടെ ഗ്രേഡിലുള്ള ഇദ്ദേഹത്തിന് ഇസ്രോ ടീം അവാർഡ്, ഇൻഡിവിഡ്വൽ മെറിറ്റ് അവാർഡ്, എയ്റോനോട്ടിക്കൽ സിസ്റ്റംസ് സൊസൈറ്റിയുടെ ബിരൻ റോയ് ഡിസൈൻ അവാർഡ് എന്നിവ ലഭിച്ചു. ഔദ്യോഗികമായി ഒരു ടെക്നോക്രാറ്റ് ആണെങ്കിലും ഭാഷയേയും സാഹിത്യത്തേയും ഏറെ സ്നേഹിക്കുന്ന ഒരു വ്യക്തിയാണ് ഇദ്ദേഹം. മഞ്ചേരിയിൽ നിന്നിറങ്ങിയിരുന്ന ചില മാസികകളിലും മാതൃഭൂമി, കലാകൗമദി, കഥ, കുങ്കുമം മറ്റ് വാരികകളിലും ഇദ്ദേഹത്തിന്റെ കഥകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ സമയം കിട്ടുമ്പോൾ അക്ഷരശ്ലോകം ചൊല്ലലും വൃത്തനിബന്ധങ്ങളായ ശ്ലോകരചനയും ആണ് വിനോദം. എം.ബി.എസ്. വൈസ്പ്രസിഡന്റ് മായാ നാരായണന്റെ ഭർത്താവാണ് ഇദ്ദേഹം

## ഇസ്രോ (ISRO)

**മങ്ങോട്ടശ്ശേരി മനയ്ക്കൽ ശ്രീ നാരായണൻ നമ്പൂതിരി**
(അനിയൻ മാങ്ങോട്ടിരി)

സാരാഭായ് നട്ടതല്ലോ വലിയൊരു മരമായ് വാനവിജ്ഞാനകേന്ദ്രം
ധാരാളം ശാഖയായിക്കലികകൾ മലരായുർവ്വിയെപുൽകിടുമ്പോൾ
പേരാളും സ്ഥാപനത്തിൻ മഹിതഗുണമെഴും ശാസ്ത്ര വിദ്വത്പ്രഭാവം
നേരായിക്കണ്ടു ലോകം നവമൊരു നിറവോടിന്ത്യയേറ്റം തിളങ്ങീ

ആരും കാണാൻ കൊതിക്കും ബഹുനിലയുയരം വാഹനം കത്തിടുമ്പോൾ
തീർക്കും വർണ്ണപ്രപഞ്ചം കൗതുകമുണരുമിന്നാരിലും സാഭിമാനം
പാരം പൊങ്ങുമ്പൊളൂർജ്ജം പകരുമിനി ഗമിച്ചീടുവാനേറെ ദൂരം,
ചേരും പിന്നീടു വാനത്തൊരു പുതുനിലയം ചുറ്റിടും വർണ്ണമോടെ

പീയെസ്സെൽവിയിലേറിയിന്നു ബഹിരാകാശപ്പരപ്പിൽ ക്രമാ-
ലൊന്നായ് നൂറു കണക്കുപഗ്രഹഗണം ചുറ്റാൻ തുടങ്ങീലയോ!
ഒന്നായിന്നിതതാദ്യമായ് വിരവൊടെച്ചെയ്തെന്ന കാര്യത്തിനാ-
യിന്ത്യൻ ശാസ്ത്രസമൂഹമേറെയുയരം നേടീട്ടതാ മുന്നിലായ്!


സമ്മാനത്തിനു യോഗ്യരാണു കണിശം തെല്ലും പിഴയ്ക്കാതെയാ-
യിമ്മട്ടിൽപ്പലതാമുപഗ്രഹഗണം വിക്ഷേപണം ചെയ്യുവോർ
ചെമ്മേ രാജ്യപുരോഗതിക്കു മകുടം ചാർത്തുന്നൊരിസ്രോ പറ-
ന്നമ്മാനത്തു വിടർത്തിടുന്നു വിജയം വൻശക്തികൾക്കൊപ്പമായ്!

എത്താനുണ്ടേറെ ദൂരം, കരുതണമൊരുപോലൂർജ്ജവും ശക്തിയും ചേർ-
ന്നൊത്താലേ കാര്യസാദ്ധ്യം നലമോടു വിജയത്തിങ്കലായൊത്തു ചേരൂ
ഒത്തേറെക്കൂട്ടുവേണം, കഴിവുകൾ പലതും കോർത്തു നിർത്തീട വേണം,
പാർത്താലീ ശാസ്ത്രമാർഗ്ഗം, വിരുതുകൾ പലതും വേണ്ടതാം കർമ്മ രംഗം

ഏറെക്കാര്യങ്ങൾ നന്നായ് മനുജനു ഗുണമായ്ത്തീർന്നിടാനിന്നു ലോകം
കൂറോടും ബാഹ്യവാനപ്പൊലിമയിൽ നിതരാം കൂട്ടു ചേരുന്നുവല്ലോ
ദൂരത്തായുള്ള കണ്ണാൽദ്ധരയെ മുഴുവനായ്ക്കണ്ടിടാം സൂക്ഷ്മമായി-
ട്ടേറും സുവ്യക്തമായിട്ടനവധി വിവരം കോർത്തിടാം വിശ്വമാകേ

താരാവൃന്ദങ്ങൾ വാനിൽപ്പൊടിപടല സമം കാണ്മുനാ,മെത്ര ചിത്രം,
പാരാവാരത്തിനൊക്കുംപടി മുകളിലതാ സീമയറ്റേറെ നിൽപ്പൂ,
നേരായെന്നെത്തിടും നാമൊരു ഗൃഹമതിലായ് ഭൂമിപോൽ വാസയോഗ്യം,
പോരല്ലോ മർത്ത്യ, നിന്നീ വിഭവവിളകളും തീർന്നിടുന്നൂഴി തന്നിൽ

മംഗൾയാൻ, ചാന്ദ്രദൗത്യം പരിമിതധനസമ്പത്തിനാൽത്തീർത്തതില്ലേ
സങ്കല്പശ്രീ വിളങ്ങുന്നൊരു മഹിതവരസ്ഥാപനത്തിൻ മിടുക്കാൽ
മംഗല്യം കൈവരിക്കാ, നുലകിനു മുഴുവൻ മാതൃകാ രാജ്യമാവാൻ
സാംഗത്യം വന്നു, ദേശത്തിനു മകുടസമം ചേർത്തു ശോഭിച്ചിടുന്നൂ!



അനന്തമജ്ഞാതമവർണ്ണനീയം
ഈ ലോകഗോളം തിരിയുന്ന മാർഗം

# വാർഷികപ്പതിപ്പ്

## ലേഖനങ്ങൾ, കഥകൾ, കവിതകൾ സംവാദം, മത്സരങ്ങൾ, പതിവ് പംക്തികൾ

ബ്രഹ്മശ്രീ അടുത്ത ലക്കം നേരത്തെ അറിയിച്ചിരുന്നതുപോലെ വാർഷികപ്പതിപ്പായി പ്രസിദ്ധീകരിക്കുന്നു. ഈടുറ്റ ലേഖനങ്ങളും കഥ , കവിത തുടങ്ങിയ രസകരങ്ങളായ സർഗാത്മക സൃഷ്ടികളും എല്ലാവരും അറിഞ്ഞിരിക്കേണ്ട വിജ്ഞാന ശകലങ്ങളും ചിന്തകൾ ഉരസുന്ന സംവാദ വേദിയും മത്സരങ്ങളിൽ സമ്മാനാർഹമാകുന്ന രചനകളും പ്രയോജനപ്രദമായ പരസ്യങ്ങളും മലയാള ബ്രാഹ്മണ സമാജത്തിന്റെ അഭ്യുദയകാംക്ഷികളുടെ ആശംസകളും പതിവ് പംക്തികളും എല്ലാം എല്ലാം ചേർത്ത, എന്നെന്നും ഇല്ലങ്ങളിൽ സൂക്ഷിച്ചു വയ്ക്കേണ്ട ഒരു വിലപ്പിടിപ്പുള്ള പുസ്തകമാണ് പത്രാധിപസമിതി വിഭാവനം ചെയ്യുന്നത്.

വായനക്കാർക്ക് ഉപകരിക്കുന്ന വിഷയങ്ങളെ അടിസ്ഥാനമാക്കിയ നിലവാരമുള്ള ലേഖനങ്ങളും മറ്റു സർഗാത്മക സൃഷ്ടികളും ആശംസാ സന്ദേശങ്ങളും ആദരപൂർവം ക്ഷണിക്കുന്നു. മത്സരങ്ങളുടെ വിശദവിവരങ്ങൾ താഴെപ്പറയുന്നു.

**മുക്തകങ്ങൾ:** വിഷയം എന്തുമാകാം. വൃത്തം ഏതുമാകാം. പ്രസിദ്ധീകരണ യോഗ്യമായ എല്ലാ ശ്ലോകങ്ങളും ബ്രഹ്മശ്രീയിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**നൂറുങ്ങുകഥ:** വിഷയം എന്തുമാകാം . 60 വാക്കുകളിൽ കൂടരുത് .

**ഫോട്ടോഗ്രാഫി:** വിഷയം: ഭാരതീയ സംസ്കാരത്തിന്റെയോ ബ്രാഹ്മണ ആചാരാനുഷ്ഠാനങ്ങളുടെയോ അടയാളങ്ങൾ വീണ ചിത്രങ്ങൾ . ബ്രഹ്മശ്രീയുടെ ഇ മെയിലിൽ മാത്രം അയക്കുക. നിലവാരമുള്ള ഫോട്ടോകൾ യോജ്യമെങ്കിൽ ബ്രഹ്മശ്രീയുടെ തുടർന്നുള്ള ലക്കങ്ങളിൽ മുഖചിത്രമായി ഉപയോഗിക്കുന്നതായിരിക്കും.

**വാർഷികപ്പതിപ്പിലേയ്ക്ക് അയക്കുന്ന രചനകൾ കഴിയുന്നതും ടൈപ്പ് ചെയ്ത് തെറ്റുതിരുത്തി അയച്ചാൽ നന്നായിരിക്കും. പൂർണ്ണമായ പേര്, ഇല്ലപ്പേര്, ശാഖ, ഫോൺ നമ്പർ, എന്നിവ ഉണ്ടായിരിക്കണം.**

**സംവാദം:**
**വിഷയം : അവകാശപ്പെടാൻ ബ്രാഹ്മണ്യം നമുക്കിനി ബാക്കിയുണ്ടോ? ഉണ്ടെങ്കിൽ എങ്ങിനെ ? ഇല്ലെങ്കിൽ ഇനിയെന്ത് ?**

അഭിപ്രായങ്ങൾ ഒരു ഖണ്ഡിക മുതൽ ബ്രഹ്മശ്രീയുടെ ഒരു താളിൽ ഒതുങ്ങുന്ന വലിപ്പം വരെയാവാം.

നമ്മുടെ അംഗങ്ങളിലെ മറഞ്ഞിരിക്കുന്ന ഭാവനാശാലികളെ കണ്ടെത്താനും നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ നാം പോലുമറിയാതെ ഒളിഞ്ഞിരിക്കുന്ന കഴിവുകളെ വെളിച്ചത്തിലേയ്ക്കു കൊണ്ടുവരാനുമാണ് മത്സരങ്ങൾ. അത് രസകരവും അർത്ഥവത്തും അകാൻ എല്ലാവരും സഹകരിക്കുക. എല്ലാ മത്സരങ്ങൾക്കും ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ ഉണ്ടായിരിക്കും.

മത്സരത്തിനുള്ള എല്ലാ സൃഷ്ടികളും ബ്രഹ്മശ്രീയുടെ ഇ മെയിൽ വിലാസത്തിലോ സാധാരണ പോസ്റ്റിൽ ആണെങ്കിൽ ചീഫ് എഡിറ്ററുടെ വിലാസത്തിലോ മാത്രം അയക്കേണ്ടതാണ്. വാട്ട്സ് അപ്പ് വഴി അയക്കാൻ പാടില്ല .

വാർഷികപ്പതിപ്പിലെ പരസ്യ നിരക്കുകൾ താഴെക്കൊടുക്കുന്നു .

പരസ്യങ്ങളാണ് നമ്മുടെ സാമ്പത്തിക സ്രോതസ്സ് എന്ന് മനസ്സിലാക്കി പരമാവധി പരസ്യ സമാഹരണത്തിന് എല്ലാ അംഗങ്ങളുടെയും സഹായം വിനയപൂർവം അപേക്ഷിക്കുന്നു. വാർഷികപ്പതിപ്പിലെ പരസ്യങ്ങൾ തീർച്ചയായും പരസ്യദാതാവിനു ഗുണം ചെയ്യും. കാരണം ഇത് പൂർണമായും വായിക്കപ്പെടുകയും സൂക്ഷിച്ചു വയ്ക്കപ്പെടുകയും ചെയ്യുന്ന പുസ്തകമായിരിക്കും. മാത്രവുമല്ല പരസ്യദാതാക്കളോട് സമാജം കടപ്പെട്ടിരിക്കുകയും ചെയ്യും.

| | |
|---|---|
| 1) **Back cover** (multi colour) | **- 25,000** |
| 2) **Front cover inside** (multi colour) | **- 10,000** |
| 3) **Back cover inside** (multi colour) | **- 10,000** |
| 4) **Inside full page** (multi colour) | **- 5,000** |
| 5) **Inside full page** (B&W ) | **- 3,000** |
| 6) **Inside halfpage** (multi colour) | **- 2,500** |
| 7) **Inside halfpage** (B&W ) | **- 1,500** |
| 8) **Small strips** (multi colour) | **- 800** |
| 9) **Small strips** (B&W ) | **- 500** |

**പരസ്യം ശേഖരിക്കുന്ന ശാഖയ്ക്കോ വ്യക്തികൾക്കോ 10 ശതമാനം കമ്മീഷൻ കൊടുക്കുന്നതാണ്.**



## വേളി

# അശ്വിൻ ബാലകൃഷ്ണൻ & അപർണ്ണ

ചങ്ങനാശേരി തെഞ്ചേരിൽ ഇല്ലത്ത് പരേതനായ ബാലകൃഷ്ണന്റെയും രാധാദേവിയുടെയും പുത്രൻ അശ്വിൻ ബാലകൃഷ്ണനും നെടുമങ്ങാട് കുളപ്പട പെരിയമന മായാമന്ദിരത്തിൽ ബ്രഹ്മശ്രീ ദാമോദരശർമ്മയുടേയും ശ്രീവിദ്യയുടെയും പുത്രി അപർണ്ണയും തമ്മിലുള്ള വേളി 2019 മെയ് 1ന് ചങ്ങനാശേരി കോൺടൂർ കൺവെൻഷൻ സെന്ററിൽ വച്ച് നടന്നു.



രുക്മിണീ സത്യഭാമാഭ്യാം
സഹിതം കൃഷ്ണമാശ്രയേ



## വേളി

### നീരജ & നന്ദുനാരായണൻ

ചങ്ങനാശേരി പെരുമന ഇല്ലത്ത് (നന്ദനം) പുരുഷോത്തമൻ നമ്പൂതിരിയുടെയും ഇന്ദുവിന്റെയും പുത്രി നീരജയും റാന്നി പിരളിയിൽ ഇല്ലത്ത് പരമേശ്വരൻ നമ്പൂതിരിയുടെയും ഗായത്രിയുടെയും പുത്രൻ നന്ദുനാരായണനും തമ്മിലുള്ള വേളി 2019 ജൂലൈ 7ന് റാന്നി വളയനാട്ട് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.



## വേളി

### നവീന & അതുൽ വി നമ്പൂതിരി

തൃപ്പൂണിത്തുറ കോടംകുളങ്ങര ഉദയന്നൂർ ഇല്ലത്ത് യശഃശരീരനായ പരമേശ്വരൻ ഇളയതിന്റെയും ശ്രീമതി സതി അന്തർജ്ജനത്തിന്റെയും മകൾ നവീനയും തൃശൂർ കീഴില്ലം നഗറിൽ താഴൂർ മനയിൽ ശ്രീ വാസുദേവൻ നമ്പൂതിരിയുടെയും ശ്രീമതി ഗീതാ അന്തർജ്ജനത്തിന്റെയും മകൻ അതുൽ വി നമ്പൂതിരിയും തമ്മിലുള്ള വേളി 2019 ജൂലൈ 8-ാം തീയതി വൈറ്റില കുണ്ടന്നൂർ ബി.റ്റി.എച്ച്. സരോവരം നന്ദനം ഹാളിൽ വച്ച് നടന്നു.



## 47-ാം വിവാഹവാർഷികം

## ശശിധരശർമ്മ & രാധാമണി

മിഥുനം 30 ന് (2019 ജൂലായ് 15) 47-ാം വിവാഹവാർഷികം ആഘോഷിച്ച ചങ്ങനാശേരി തേവലശ്ശേരി പടിഞ്ഞാറെ ഇല്ലത്ത് ശശിധരശർമ്മയും രാധാമണി അന്തർജ്ജനവും.

**ഇരുവർക്കും ചങ്ങനാശേരി ശാഖയുടെ ആശംസകൾ**







## ഋഷികേശിന്റെ ഉപനയനം

ജൂലൈ 11 ന് തിരുവനന്തപുരം തെക്കേ കോട്ടയ്ക്കകത്തുള്ള ഭജനപ്പുര കൊട്ടാരത്തിൽ വെച്ച് ശ്രീ രാജേഷിന്റെയും (തുണ്ടത്തിൽ ഇല്ലം, പാലാ / ചേതന,ആയുർവേദ കോളേജിന് സമീപം, തിരുവനന്തപുരം) ശ്രീമതി രശ്മിയുടേയും( പെരുമനത്ത് മന, ഷൊർണൂർ) പുത്രൻ ഋഷികേശിന്റെ ഉപനയനം ഭംഗിയായി നടന്നു..

## ദേവന്റെ മൂന്നാം പിറന്നാൾ




**പെരുമ്പാവൂർ വീപ്പാട്ട് ഇല്ലത്ത് പരമേശ്വരൻ ഇളയതിന്റെയും ദേവികയുടെയും മകൻ ദേവന്റെ മൂന്നാം പിറന്നാൾ 2019 ജൂലൈ 23ന് ആഘോഷിച്ചു.**


ചേർത്തല കാളികുളങ്ങര ഇല്ലത്ത് കേശവൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജ്ജനത്തിന്റെയും പൗത്രൻ ശ്രേയസ്സിന്റെ (ശ്രീകുമാറിന്റെയും ശ്രുതിയുടെയും പുത്രൻ) അന്നപ്രാശം 2019 ജൂൺ 30ന് സ്വഗൃഹത്തിൽ വച്ച് നടന്നു.

## ശ്രേയസ്സിന്റെ അന്നപ്രാശം









# ഉപനയനം

**അദ്വൈത് നാരായണൻ**


ഇക്കഴിഞ്ഞ SSLC പരീക്ഷയിൽ 8 A Plus ഉം രണ്ട് Aയും നേടിയ **അദ്വൈത് നാരായണൻ**



അടാട്ട് കാരിക്കോട്ട് ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെയും സുമ അന്തർജ്ജനത്തിന്റെയും മകൻ അദ്വൈത് നാരായണന്റെ ഉപനയനം 2019 ജൂലൈ 8ന് ഇല്ലത്ത് വച്ച് നടന്നു. ഗുരുവായൂർ ശാഖാ അംഗങ്ങളാണ്.



തൃശ്ശൂർ ജില്ലാ സെക്രട്ടറി കെ.എസ്.സുരേഷ്കുമാർ കുടുംബാംഗങ്ങൾക്കും സഹോദരിമാരായ സുനന്ദ (W/0 പെട്ടേരിയം ഇല്ലത്ത് രാമചന്ദ്രൻ ഇളയത്), സുമ (W/0 കാരിക്കോട്ടില്ലത്ത് നാരായണൻ നമ്പൂതിരി), തുടങ്ങിയവരുടെ മക്കളോടൊപ്പം



## വേളി

### ഹരീഷ് & ആദിത്യ

ചേർത്തല പൂച്ചാക്കൽ മേച്ചേരിൽ ഇല്ലത്ത് നീലകണ്ഠൻ ഇളയതിന്റെയും നിർമ്മലയുടേയും മകൻ ഹരീഷും കൊട്ടാരക്കര പൂവത്തൂർ വടക്കേമഠം ശ്രീകുമാർ ശർമ്മയുടെയും രാധശ്രീയുടേയും മകൾ ആദിത്യയും തമ്മിലുള്ള വേളി 2019 ആഗസ്റ്റ് 19-ാം തീയതി ഇടപ്പങ്ങാഴി ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ വച്ച് നടന്നു.

ആസസ്റ്റ് 9,10,11 തീയതികളിൽ ആണ്ടൂരിൽ വച്ച് നടന്ന സ്ത്രീകളുടെ പൂജാപഠന ക്യാമ്പിലെ പഠിതാക്കൾ ആചാര്യന്മാരോടും സമാജം ഭാരവാഹികളോടുമൊപ്പം





## വിവാഹ വാർഷികം
## രാധാകൃഷ്ണൻ & ശ്രീലത രാധാകൃഷ്ണൻ

2019 ഏപ്രിൽ 22-ാം തീയ്യതി 33-ാം വിവാഹ വാർഷികം ആഘോഷിച്ച ചുണ്ടക്കാട്ട് ഇല്ലത്ത് രാധാകൃഷ്ണനും ശ്രീലത രാധാകൃഷ്ണനും.

**ആശംസകളോടെ:**
മക്കൾ: ജയകൃഷ്ണൻ,
അജയ് കൃഷ്ണൻ.
മരുമകൾ: സൗമ്യ
പേരക്കുട്ടി: ഉത്തര ജയകൃഷ്ണൻ



## വേളി
## പ്രീതീദേവി & വിഷ്ണുപ്രിയൻ

പള്ളിക്കര അണിയിൽ ഇല്ലത്ത് കൃഷ്ണൻ ഇളയതിന്റെയും രാധാമണി അന്തർജ്ജനത്തിന്റെയും പുത്രി പ്രീതീദേവിയും ആലപ്പുഴ കായംകുളം പാലക്കോട്ടില്ലത്ത് പുരുഷോത്തമൻ നമ്പൂതിരിയുടെയും ഗിരിജാദേവി അന്തർജ്ജനത്തിന്റെയും പുത്രൻ വിഷ്ണുപ്രിയനും 2019 ഏപ്രിൽ 28ന് തൃപ്പൂണിത്തുറ ശ്രീശാസ്താ മന്ദിർ ഓഡിറ്റോറിയത്തിൽ വച്ച് വിവാഹിതരായി



## വേളി
## അരവിന്ദ് & അശ്വതി

കോട്ടയം ആനിക്കാട് കുഴുപ്പള്ളി ഇല്ലം കെ.വി രാജീവിന്റെയും സി.വി സുധാമണിയുടെയും പുത്രൻ അരവിന്ദും തൃപ്പൂണിത്തുറ ഏരൂർ പോർകളാമറ്റത്തില്ലം പി.ആർ വാസുദേവൻ നമ്പൂതിരിയുടെയും എം.കെ രമാദേവി അന്തർജ്ജനത്തിന്റെയും പുത്രി അശ്വതിയും 2019 ജൂലൈ 14ന് പുലിയന്നൂർ ശിവപാർവ്വതീ ഓഡിറ്റോറിയത്തിൽ വച്ച് വിവാഹിതരായി

## വേളി



### മാലിനി ശർമ്മ & അഖിൽ ദേവ്

പാലാ, ഈരാറ്റുപേട്ട വെള്ളൂരില്ലത്ത് ശംഭുദേവശർമ്മയുടെയും ചിത്രാ ശർമ്മയുടെയും പുത്രി മാലിനി ശർമ്മയും കുറവിലങ്ങാട് തുരുത്തിയിൽ ഇല്ലത്ത് സുദേവ ശർമ്മയുടെയും സുധാ സുദേവന്റെയും പുത്രൻ അഖിൽ ദേവും 2019 ജൂൺ 9ന് രാമപുരം മൈക്കിൾ പ്ലാസ കൺവെൻഷൻ സെന്ററിൽ വച്ച് വിവാഹിതരായി

## സപ്തതി



### പ്രൊഫ. കെ. ബാലചന്ദ്ര ശർമ്മ

2019 ആഗസ്റ്റ് മാസം 9 ന് സപ്തതി ആഘോഷിച്ച മലയാള ബ്രാഹ്മണ സമാജം കേന്ദ്ര വൈസ് പ്രസിഡന്റ് ചേർത്തല കണത്തുരുത്തിൽ ഇല്ലത്ത് പ്രൊഫ. കെ.ബാലചന്ദ്ര ശർമ്മക്ക് എല്ലാവിധ ആശംസകളും നേരുന്നു. സഹധർമിണി : ശ്യാമളാദേവി | മക്കൾ: അജിത്, അതുൽ | മരുമക്കൾ : ഡോ. സീമ, വന്ദന | കൊച്ചുമക്കൾ: ഹൃഷികേശ്, ഹരികേശ്, നിഹാരിക, നയന്തിക

## ഷഷ്ട്യബ്ദ പൂർത്തി



### വി.സേതുമാധവ ശർമ്മ

2019 മെയ് മാസം 3 ന് ഷഷ്ട്യബ്ദ പൂർത്തി ആഘോഷിച്ച മലയാള ബ്രാഹ്മണ സമാജം ചേർത്തല ശാഖാ പ്രസിഡന്റ് കണത്തുരുത്തിൽ ഇല്ലത്ത് വി.സേതുമാധവ ശർമ്മക്ക് എല്ലാവിധ ആശംസകളും നേരുന്നു.
സഹധർമിണി : ഗിരിജ കുമാരി
മക്കൾ: അഖിൽ, നിഖിൽ
മരുമക്കൾ: വിദ്യ, സന്ധ്യ
കൊച്ചുമക്കൾ: അർണിത, വേദാത്മിക




## വേളി
## കൈലാസ് നാഥ് & ആതിര

വാഴൂർ, കൊടുങ്ങൂർ ചിറമംഗലത്തില്ലത്ത് സി.എൻ.ഉണ്ണിക്കൃഷ്ണന്റെയും സുധയുടെയും മകൻ കൈലാസ് നാഥും തിരുവഞ്ചൂർ പറപ്പത്തട്ടിൽ (കാരക്കാട്) ഇല്ലത്ത് ശ്രീ പി.വിജയകുമാറിന്റെയും ശ്രീമതി സന്ധ്യയുടെയും മകൾ ആതിരയും തമ്മിലുള്ള വിവാഹം 2019 ജൂലൈ 13 ശനിയാഴ്ച ഏറ്റുമാനൂർ ശ്രീശൈലം ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.



## സപ്തതി
## സോമകുമാരി അന്തർജനം

കൊല്ലം ഉമയനല്ലൂർ വടക്കേമഠത്തിൽ ബ്രഹ്മശ്രീ. ശിവശങ്കരൻ നമ്പൂതിരിയുടെ സഹധർമ്മിണി ശ്രീമതി. സോമകുമാരി അന്തർജനത്തിന്റെ സപ്തതി 2019 ആഗസ്റ്റ് 10 ന് കുടുംബസമേതം ആഘോഷിച്ചു.



## ഏഴാം പിറന്നാൾ
## തീർത്ഥ എസ്. നമ്പൂതിരി

ജൂലൈ 1ന് ഏഴാം പിറന്നാൾ ആഘോഷിച്ച തീർത്ഥ എസ്. നമ്പൂതിരി ആലുവ കുട്ടമശ്ശേരി കുഴുപ്പിള്ളി ഇല്ലത്ത് കെ.ശ്രീമണി നമ്പൂതിരിയുടെയും ബിന്ദുവിന്റെയും മകളാണ്.

# സമസ്യാപൂരണങ്ങൾ

കരുണാമയ,ശോകവിനാശ വിഭോ
അരുണോദയ കാരണ നാഥ ഹരേ
മമ മോഹന ജീവിത ഘോര വനേ
വഴികാട്ടുക മാരുത ഗേഹ പതേ
ഗോവിന്ദൻ ഇളയത്, മുല്ലക്കരി ഇല്ലം ,
ഗൗരി നഗർ , തിരുവനന്തപുരം

അഴലേറിയ ജീവിതയാത്രയിതിൽ
മിഴികെട്ടിയ മാതിരി യന്ധതയിൽ
ഉഴറുന്നതു കാണുക വീരപതേ,
വഴികാട്ടുക മാരുതഗേഹപതേ!
വി. എൻ. വാസുദേവൻ ഇളയത്,
വാളമറ്റത്തില്ലം , കോതമംഗലം

അഴലാഴിയിൽ വീണുഴലുന്നു ചിരം
പഴികേട്ടു വലഞ്ഞു പലേ വിധമായ്
അഴലാറ്റി ഗദങ്ങളൊഴിച്ചിടുവാൻ
വഴികാട്ടുക മാരുതഗേഹപതേ!
കെ. എൻ. ബി. ശർമ്മ, കല്ലാർവേലിഇല്ലം,
വെമ്പിള്ളി, കുറവിലങ്ങാട്

പിഴലേശമെഴാതിതു പോലെഴുതാൻ
വഴികാട്ടിയൊരീശ്വരനിൻ കൃപയാൽ
അഴലൊക്കെയകറ്റിയിടാനൊരു പോം
വഴികാട്ടുക മാരുത ഗേഹപതേ!
രാജീവ് പി , പാണാട്ടില്ലം ,
കുറിച്ചിത്താനം , കോട്ടയം

'ഒഴിവാക്കിയിതെൻകൃതി, പേരിനു ദേ
പിഴയും, ഇവനാരിതെഡിറ്ററുപോൽ'
പഴികേട്ടു മനസ്സു മടുക്കരുതേ
വഴികാട്ടുക മാരുതഗേഹപതേ!
ഹരികുമാർ പി., പാണാട്ടില്ലം, കുറിച്ചിത്താനം

<u>സമസ്യാകാരിയുടെ പൂരണം</u>
അഴകേറിയൊരന്തണ കന്യകയായ്
കഴിയും മുഖപത്രമതിൻ മികവിൽ
വഴിപോലെ ദ്വിജർക്കു യശസ്സൊടു നേർ
വഴികാട്ടുക മാരുത ഗേഹപതേ!
ഗിരിജ എൻ നമ്പൂതിരി , വടുതലായിൽ ഇല്ലം ,
കുടക്കച്ചിറ , കോട്ടയം

അടുത്ത സമസ്യ

**'നിന്നാടിടുന്നു കിടയറ്റ കരാളനൃത്തം'**

വൃത്തം: വസന്തതിലകം
ലക്ഷണം : ചൊല്ലാം വസന്ത തിലകം തഭജം ജഗംഗം
അയച്ചുകിട്ടേണ്ട അവസാന തീയതി : ഒക്ടോബർ 15
സാധാരണ തപാലിലോ ബ്രഹ്മശ്രീയുടെ
ഇമെയിൽ വിലാസത്തിലോ, ചീഫ് എഡിറ്ററുടെ
whatsapp നമ്പറിലോ അയക്കാം.

കവിത

## മോഹ ബിന്ദുക്കൾ

വത്സല നാരായൺ
വല്ലപ്പാറ ഇല്ലം (സൗഭാഗ്യ)
ഇലഞ്ഞി (6282231935)

മോഹം മനോഹരം മധുരമീ മോഹം
ദാഹം മനതാരിൽ ഒഴുകുമീ ദാഹം
രാഗം അനുരാഗം വാചാലമീരാഗം
താളം അനുഭൂതി വിടരുമീ താളം.
സുന്ദരസ്വപ്നമാം പൊയ്കയിൽ നീരാടി
സങ്കല്പ സാമ്രാജ്യതേരിൽക്കരേറി നീ
സന്ധ്യതൻ ശൃംഗാര സംഗീത ലഹരിയിൽ
സരസിജ നയനങ്ങൾ നടനമാടി.
നീലനിലാവത്ത് നിൻ നിഴൽ കണ്ടു ഞാൻ
നിൻമുഖം മറ്റൊരു തിങ്കളായ് മാറി.
നാഥന്നരികത്തണയാൻ കൊതിക്കുന്ന
നാണംകുണുങ്ങിയാം നക്ഷത്രമെന്നപോൽ
വൃന്ദാവനത്തിലെ കണ്ണന്റെ ചാരത്തു
വ്രീളാവിവശയാം രാധയായ് നില്പൂ നീ
എന്തിനോ കാതോർത്ത് തേങ്ങുന്ന നിൻ മനം
ചെന്തളിർ ചുണ്ടിലായ് മധുനിറച്ചു.
തീരത്തണയാൻ അലയുന്നു തിരകൾ
ആഴിയിലലിയാൻ വെമ്പുന്ന സൂര്യൻ
ആരാമമുല്ലയിൽ തേനൂറും സന്ധ്യയിൽ
അഴകോലും നിൻമിഴികൾ തേടുവതാരേ?
ആരേ... ആരേ... തേടുന്നതാരേ

കവിത

## എന്റെ ഇല്ലക്കുളം.

ശ്രീലത ജയകുമാർ
നടുവിൽ പാറ ഇല്ലം
പറപ്പൂക്കര ശാഖ, തൃശ്ശൂർ
8078248373

എന്റെ ഇല്ലക്കുളത്തെളിനീരിലിന്നു ഞാൻ
കേരം വിളയുന്ന നാടുകണ്ടു
മീനുകളോടിക്കളിക്കുന്ന കണ്ടു
തവളകൾ ചാടിക്കളിക്കുന്ന കണ്ടു
കേരങ്ങൾക്കുള്ളിലൂടെത്തിനോക്കീടുന്ന
സൂര്യകിരണങ്ങൾ കൂടെക്കണ്ടു
മേഘങ്ങളങ്ങനെ നീങ്ങുന്ന കണ്ടു
കാറ്റിലുലയുന്നൊരെൻ മുടി കണ്ടു
അവ്യക്തമായൊരെൻ രൂപവും കണ്ടു
പെട്ടെന്നു വന്നൊരാ മഴയുടെ മേളത്തിൽ
എല്ലാം തകർന്നു കുതിർന്നു പോയി
ഞാനുമെന്റില്ലത്തേയ്ക്കോടി പോയി.



ആചാര്യശ്രീ

2019 മാർച്ച് 31ന് അഖില ഭാരത ആത്മീയ പ്രചാരസഭ ഗുരുവായൂരിൽ വച്ച് നടത്തിയ ആത്മീയ മഹാസംഗമത്തിൽ, നാരായണീയ അദ്ധ്യാപന മേഖലയിലും ആദ്ധ്യാത്മിക സംഘാടനത്തിലും മികവു പുലർത്തിയതിന് "ആചാര്യശ്രീ" പദവി നൽകി ആദരിക്കപ്പെട്ട കുറ്റിക്കാട്ടു കാവിൽ ഇല്ലത്ത്

**പത്മിനി അന്തർജ്ജനം**


മതിമോഹനശുഭനർത്തനമാടുന്നയി മഹിതേ
മമ മുന്നിൽ നിന്നൂ നീ മലയാള കവിതേ

# ഉന്നതവിജയം



**ആതിര എസ് ശർമ്മ**

കുറിച്ചി പുതുമന ഇല്ലത്ത് ബ്രഹ്മശ്രീ നാരായണ ശർമ്മ, ശ്രീകലയുടെ മകൾ ബി എസ് സി കെമസ്റ്റ്റിയിൽ ഉന്നത വിജയം കരസ്ഥമാക്കി



**ലക്ഷ്മി ശർമ്മ**

ചേർത്തല കാളികുളങ്ങര ഇല്ലത്ത് പ്രദീപിന്റെയും നിഷയുടെയും പുത്രി ലക്ഷ്മി ശർമ്മ പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടി



**ദേവനന്ദു ശ്രീനാഥ്**

SSLC പത്താംക്ലാസ് പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ, ചേർത്തല താമരശ്ശേരിൽ കിഴക്കേഇല്ലത്തു ശ്രീനാഥ് കുമാറിന്റെയും ജയശ്രീയുടെയും മകൻ ദേവനന്ദു ശ്രീനാഥ്



**ബാലനാരായണൻ**

ICSE പത്താംക്ലാസ് പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ, കുറിച്ചിത്താനം പാണാട്ടില്ലത്ത് സജിത് സേതുവിന്റെയും ലക്ഷ്മിപ്രിയയുടെയും മകൻ ബാലനാരായണൻ



**ആദർശ് എൻ നമ്പൂതിരി**

കുറിച്ചി പുതുമന ഇല്ലത്ത് ബ്രഹ്മശ്രീ നാരായണ ശർമ്മയുടെയും, ശ്രീകലയുടെയും മകൻ എസ് എസ് എൽ സിക്ക് ഉന്നത വിജയം കരസ്ഥമാക്കി




**അപർണ്ണ എസ് ശർമ്മ**

പെരുന്ന തെഞ്ചേരി ഇല്ലത്ത് ബ്രഹ്മശ്രീ അശ്വിൻ ബാലകൃഷ്ണന്റെ ഭാര്യ ബികോംൽ ഉന്നത വിജയം കരസ്ഥമാക്കി



**കൃഷ്ണ കുമാർ**


ചങ്ങനാശ്ശേരി പുഴവാത് നെടുവേലി ഇല്ലത്ത് ബ്രഹ്മശ്രീ ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും ജയാ ഉണ്ണികൃഷ്ണന്റെയും മകൻ ബികോം ൽ ഉന്നത വിജയം കരസ്ഥമാക്കി



**ശ്രീനു മോഹൻ**

കുറിച്ചി പുതുമന ഇല്ലത്ത് ബ്രഹ്മശ്രീ മോഹൻ കുമാറിന്റെയും ശ്രീകലാദേവിയുടെയും മകൻ ഓട്ടോമൊബയിൽ എഞ്ചിനിയറിങ്ങിലും, നിയോഫിലിം സ്കൂളിൽ ഫോട്ടോഗ്രാഫിയിലും ഉന്നത വിജയം കരസ്ഥമാക്കി

### അരീപ്പറമ്പ് സഹകരണബാങ്ക് തെരഞ്ഞെടുപ്പിൽ
## റ്റി. വി. നാരായണ ശർമ്മ വിജയിച്ചു



അരീപ്പറമ്പ് സർവീസ് കോഓപ്പറേറ്റീവ് ബാങ്കിലേക്ക് നടന്ന ഭരണസമിതി തിരഞ്ഞെടുപ്പിൽ മലയാള ബ്രാഹ്മണ സമാജം പ്രസിഡന്റ് ബ്രഹ്മശ്രീ നാരായണ ശർമ്മ ഏറ്റവും കൂടുതൽ ഭൂരിപക്ഷത്തോടെ വിജയിക്കുകയും ബാങ്കിന്റെ വൈസ് പ്രസിഡന്റായി സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. സമാജ പ്രവർത്തനത്തോടൊപ്പം മറ്റ് രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിലും സജീവമായി നിലകൊള്ളുന്ന ശർമ്മച്ചേട്ടന് ബ്രഹ്മശ്രീയുടെയും എല്ലാ സമാജാംഗങ്ങളുടെയും അഭിനന്ദനങ്ങൾ. ജോലിയിൽ നിന്നും ഔദ്യോഗികമായി വിരമിച്ച ശേഷവും അനേകം കർമ്മമണ്ഡലങ്ങളുടെ വിപുല സാദ്ധ്യതകൾ നമുക്ക് ചുറ്റും ധാരാളം ഉണ്ട് എന്നതിന് തെളിവ് കൂടിയാണ് ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ.



മത്സരം പരസ്പരമില്ലെങ്കിൽ മനുജന്മാരുത്സുകന്മാരാകുമോ നൂതനയത്നങ്ങളിൽ

# ധർമ്മവ്യാധന്റെകഥ

ഓമന അന്തർജ്ജനം  പൊതിയിൽ ഇല്ലം

കൗശികൻ എന്ന ഒരു ബ്രാഹ്മണയുവാവ് ഒരിക്കൽ തപസനുഷ്ഠിച്ച് വലിയ സിദ്ധിനേടിഒരു ദിവസം വൃക്ഷച്ചുവട്ടിൽ ഇരിക്കുമ്പോൾ ഒരു പക്ഷി അദ്ദേഹത്തിന്റെ ശിരസ്സിൽ കാഷ്ഠിച്ചു. ഇതിൽ ക്രുദ്ധനായി അദ്ദേഹം ആ  പക്ഷിയെ തുറിച്ചുനോക്കി. പക്ഷി അപ്പോൾ തന്നെ പിടഞ്ഞു വീണു ചത്തു. തന്റെ തപശ്ശക്തിയാൽ ലഭിച്ച സിദ്ധിയെ തിരിച്ചറിഞ്ഞ കൗശികന്  സ്വന്തം കഴിവിൽ വലിയ സന്തോഷവും അഹങ്കാരവും തോന്നി.

കുറച്ചു നാളുകൾക്കു ശേഷം ഇദ്ദേഹം ഒരു ദിവസം ഉച്ചസമയത്ത് ഒരു ഗൃഹത്തിൽ ഭിക്ഷയ്ക്കു ചെന്നു. ഈ സമയം തന്നെ, വീട്ടിലെ ഗൃഹനാഥൻ യാത്രകഴിഞ്ഞ്  വീട്ടിൽ വന്നു. ഗൃഹനാഥ വേഗം ഭർത്താവിന്റെ കാൽ കഴുകിച്ച് അകത്തുകൊണ്ടുപോയി ഭക്ഷണം കൊടുത്തതിനു ശേഷമാണ് ഭിക്ഷയും കൊണ്ട് പുറത്തേക്കു വന്നത്. ഈ കാലതാമസം കൗശിക സന്യാസിക്ക് ഇഷ്ടപ്പെട്ടില്ല .സന്യാസി കലിതുള്ളി ഗൃഹനാഥയോടു പറഞ്ഞു.

'' സന്യാസിയും ബ്രാഹ്മണനുമായ എനിക്ക് ഭിക്ഷ തന്നിട്ടു വേണം നിന്റെ ഭർത്താവിനെ സൽക്കരിക്കാൻ, ഞാനാണോ നിന്റെ ഭർത്താവാണോ നിനക്ക് വലുത് ?''  ഗൃഹനാഥയും ദേഷ്യത്തിൽ തന്നെ പറഞ്ഞു.

'' എനിക്ക് എന്റെ ഭർത്താവുതന്നെ വലുത്. അദ്ദേഹത്തെ  ശുശ്രൂഷിയ്ക്കേണ്ടത് എന്റെ ധർമ്മമാണ്. എന്റെ പതിയാണ് എനിയ്ക്ക് ദൈവം. .അന്ന് പക്ഷിയെ ഒറ്റ നോട്ടത്തിൽ ഭസ്മമാക്കിയ ശക്തിയൊന്നും പതിവ്രതയായ എന്നെ ശപിക്കാൻ മതിയാവുകയില്ല . അങ്ങ് മിഥിലയിൽപ്പോയി ധർമ്മവ്യാധന്റഅടുക്കൽ നിന്ന് ധർമ്മാധർമ്മങ്ങളെക്കുറിച്ച് പഠിയ്ക്കാൻ ശ്രമിയ്ക്കുക.''

സന്യാസി അത്ഭുതത്താൽ സ്തബ്ധനായിപ്പോയി . പക്ഷി കരിഞ്ഞു പോയ സംഭവം ഈ സാധാരണക്കാരിയായ സ്ത്രീ എങ്ങിനെ അറിഞ്ഞു എന്നതായിരുന്നു അദ്ദേഹത്തിന്റെ സംശയം.

തിരിച്ച് വന്ന്അദ്ദേഹം  ധർമ്മവ്യാധനെ അന്വേഷിച്ച് മിഥിലയിൽ എത്തി. ധർമ്മവ്യാധനെക്കുറിച്ചന്വേഷിച്ചപ്പോൾ ഈ പേരിൽ ഒരു ഇറച്ചിക്കച്ചവടക്കാരൻ മാത്രമേ ഇവിടെ ഉള്ളൂ എന്ന് ആൾക്കാർ പറഞ്ഞു . സന്യാസി  വ്യാധന്റെ കടകണ്ടുപിടിച്ച് ദൂരെമാറിനിന്നു. തന്നെക്കാണാൻ വന്നതാണ്  സന്യാസി എന്നു വ്യാധനു മനസ്സിലായി, '' ''അങ്ങ് അൽപനേരം  നിൽക്കൂ, കടയിലുള്ളവരെ പറഞ്ഞു വിട്ട ശേഷം അങ്ങയുടെ അടുത്തേയ്ക്കുവരാ''

വ്യാധൻ കച്ചവടം കഴിഞ്ഞ് സ്വന്തം ആവശ്യത്തിനുള്ള ഇറച്ചിയുമായി  സന്യാസിയുടെ അടുക്കൽ വന്നു. സന്യാസി വന്ന കാര്യം പറഞ്ഞു.

'' എങ്കിൽ നമുക്ക് എന്റെ  വീട്ടിലേയ്ക്ക് പോകാം. എനിയ്ക്ക് അവിടെ ചെന്ന് അത്യാവശ്യമായ ചില കാര്യങ്ങൾ ചെയ്യാനുണ്ട്, അതുകഴിഞ്ഞ് അങ്ങയോട് സംസാരിയ്ക്കാം''

അവർ വ്യാധന്റെ കുടിലിൽ എത്തി. വ്യാധൻ ഉടൻതന്നെ  വീട്ടിനുള്ളിലേയ്ക്ക് കയറിപ്പോയി. കുറേ സമയം കഴിഞ്ഞ് വ്യാധൻ സന്യാസിയുടെ സമീപമെത്തി. ധർമ്മാധർമ്മം, ധർമ്മാനുഷ്ഠാനം, ജീവാത്മാപരമാത്മാഐക്യം, ഗുണത്രയങ്ങൾ, പുണ്യകർമ്മങ്ങൾ  , മോക്ഷപ്രാപ്തി  അങ്ങനെ പല പല കാര്യങ്ങൾ വിസ്തരിച്ച് പറഞ്ഞ്കൊടുത്തു.

''താങ്കൾക്ക് ഈ ജ്ഞാനം എങ്ങിനെ കിട്ടി എന്നൊന്നു പറഞ്ഞു തരുമോ?'' സന്യാസി ചോദിച്ചു.

''പറഞ്ഞുതരാമല്ലോ. അങ്ങ് എന്റെ കൂടെ വരൂ''. വ്യാധൻ സന്യാസിയെ ഒരു മുറിയിലേയ്ക്ക് കൂട്ടിക്കൊണ്ട പോയി. അവിടെ അവശരും, വൃദ്ധരുമായ വ്യാധന്റെ മാതാപിതാക്കൾ കിടപ്പുണ്ടായിരുന്നു. ''ഇവരെവേണ്ട പോലെ  സംരക്ഷിയ്ക്കുന്നതുകൊണ്ടാണ് എനിയ്ക്ക് ജ്ഞാനം ലഭിച്ചത്'' വ്യാധൻപറഞ്ഞു.

ഞാൻ നേരത്തെപറഞ്ഞില്ലേ ഒരു അത്യാവശ്യകാര്യം ചെയ്യാനുണ്ടന്ന്, അത് ഇവരുടെ ആഹാരകാര്യങ്ങൾ നോക്കണമായിരുന്നു. അതു കഴിഞ്ഞിട്ടാണ് ഞാൻ അങ്ങയുടെ അടുക്കൽ വന്നത്. അതെന്റെ ധർമ്മമാണ്. അങ്ങയുടെ മാതാപിതാക്കളുടെ അനുഗ്രഹം വാങ്ങാതല്ലെ സന്യാസത്തിന് ഇറങ്ങിപ്പുറപ്പെട്ടത്. അവരുടെ മനസ്സ് എത്രമാത്രം വേദനിച്ചിരിക്കും അതുകൊണ്ട് അവരെചെന്ന് ശുശ്രൂഷിയ്ക്കുന്നതാണ് ഇപ്പോൾ അങ്ങയുടെധർമ്മം.അല്ലാതെസിദ്ധിനേടുകയല്ല.

സന്യാസി വീണ്ടും ചോദിച്ചു. ''നിങ്ങൾ ഒരു വ്യാധകുലത്തിൽ ജനിക്കേണ്ടവനല്ല പൂർവ്വജന്മസമൃതി അറിയുമെങ്കിൽ പറയുമോ?

ശരി പറയാം'' കഴിഞ്ഞജന്മം ഞാൻ ഒരു  ബ്രാഹ്മണകുലത്തിലാണ് ജനിച്ചത്. ചെറുപ്പത്തിൽ ഒരു രാജാവിന്റെ സംസർഗ്ഗത്താൽ, ആയോധനത്തിലും, മൃഗയാവിനോദത്തിലും ഏർപ്പെട്ടു. ഒരിക്കൽ മൃഗയാവിനോദത്തിനിടയിൽ ഞാനയച്ച ഒരു അമ്പ് ഒരു മുനിയുടെ ദേഹത്തുകൊണ്ടു. ഞാൻ എന്റെ കഥപറഞ്ഞ് മാപ്പപേക്ഷിച്ചു. എങ്കിലും എന്നെ ശപിച്ചു. ബ്രാഹ്മണനായ നിങ്ങൾ വ്യാധന്റെ ധർമ്മം ചെയ്ത് അടുത്ത ജന്മത്തിൽ നിങ്ങൾ ഒരു വ്യാധകുലത്തിൽ ജനിയ്ക്കും അന്നു നിങ്ങളുടെ മാതാപിതാക്കളെ വേണ്ടപോലെ സംരക്ഷിച്ചാൽ ജ്ഞാനം നേടാം. ഈ ശാപത്താലാണ് വ്യാധകുലത്തിൽ ജനിച്ചത്. വ്യാധധർമ്മം ഇറച്ചിവെട്ടാണല്ലോ ഈ ജന്മത്ത് എന്റെ പൂർവ്വികരുടെ കുലധർമ്മം  ഞാൻ അഭിമാനത്തോടെചെയ്യുന്നു.

ഗുണപാഠം : ധാർമികമായ സ്വന്തം കർമം ലോകത്തിനു മുഴുവൻ സുഖമുണ്ടാവണമെന്ന ചിന്തയോടെ ആത്മാർഥമായി അനുഷ്ഠിക്കുകയാണ് എല്ലാവരുടെയും പ്രാഥമികമായ ഉത്തരവാദിത്തം . സിദ്ധിയും ജ്ഞാനവും ഒക്കെ അപ്പോൾ കൂടെ വരും . സ്വന്തം കടമയിൽ നിന്ന് ഒളിച്ചോടുന്നവരാരും ജീവിതത്തിൽ വിജയിച്ചിട്ടില്ല.

## പദപ്രശ്നം 5

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | | | 3 | 4 | 5 |
| 6 | | 7 | | | | 8 |
| | | 9 | 10 | 11 | 12 | |
| | | | | 13 | | |
| 14 | | | | | | 15 |
| 16 | | | | | | |
| | 17 | | | | 18 | 19 |

**വലത്തോട്ട്**

1. ഭൂമി ഉൾപ്പെടുന്ന താരാപഥം (5)
4. ഇപ്പോഴത്തെ യുഗം (2)
6. ഭീഷ്മർ ഇവിടെക്കിടന്നാണ് വിഷ്ണുസഹസ്ര നാമം ആദ്യം ജപിച്ചത് എന്ന് പറയപ്പെടുന്നു (4)
9. പല ദേവീക്ഷേത്രങ്ങളിലും ഇത് കരിയ്ക്കുന്നത് ഒരു വഴിപാടാണ് (2)
12. നമ്പൂതിരിമാരുടെ വിവാഹത്തിൽ ഗൃഹപ്രവേശനം കഴിയുന്നതുവരെ വധുവിനെ ഇങ്ങിനെ വിളിക്കും (2)
14. വിരക്തി (4)
16. നെയ്യ്, തേൻ, തൈര്, വെള്ളം ഇവ ചേർന്ന പാനീയം. പൂജയ്ക്ക് സമർപ്പിയ്ക്കുകയാണ് പതിവ്. (5)
17. ആമയുടെ ആകൃതിയിലുള്ള ഇരിയ്ക്കാനുപയോഗിക്കുന്ന മരക്കഷണം. (6)

**അയച്ചുകിട്ടേണ്ട അവസാന തീയതി ഒക്ടോബർ 15**

**താഴോട്ട്**

1. ഇതാണ് ഭാഷയുടെ ഉദ്ദേശ്യം (7)
2. കുടുംബത്തിലെ മൂത്ത ആൾ (5)
3. മഹാഭാരതം എഴുതിയത് ഈ ദേവനാണ് (4)
4. ഉദയവും അസ്തമയവും ഈ സ്ഥലത്ത് നിന്നാൽ കാണാം (5)
5. ഇതില്ലാതെ ഭാഷ എഴുതാൻ പറ്റില്ല (2)
7. ഹോമത്തിന് ഉപയോഗിക്കുന്ന പ്ലാവിൻ തടിയുടെ കാതൽ (3)
8. കൊമ്പില്ലാത്ത ആന (4)
9. പേനയുടെ ഹിന്ദി വാക്ക് (2)
10. ഒരു രേഖയ്ക്കു 90 ഡിഗ്രി കോണിൽ വരയ്ക്കുന്ന മറ്റൊരു രേഖ (2)
13 ഓട്ടുപാത്രങ്ങൾക്ക് ..... കിട്ടാൻ ഉപ്പും പുളിയും കൂട്ടി ചകിരിച്ചോറുകൊണ്ട് തേയ്ക്കുന്നതു തന്നെയാണ് ഇപ്പൊഴും നല്ലത്. (3)
15. ഈ വാരിധിയുടെ നടുവിൻ നരനായിങ്ങനെ ജനിച്ചു എന്നാണ് സുപ്രസിദ്ധമായ കീർത്തനം പറയുന്നത്. (3)

**ഇടത്തോട്ട്**

11. ഇരുപത്തിയൊന്ന് കഴഞ്ച് അളവാണ്. (2)
15. ഒരു മൃഗം (2)
19. നിലം ഉഴാൻ ഇതു വേണ്ടിയിരുന്നു പണ്ട് (3)

**മുകളിലേയ്ക്ക്**

18. ഇത് സ്വബോധം നശിപ്പിയ്ക്കും (3)

**പദപ്രശ്നം 4 : ശരിയുത്തരം**

| | | | | | | |
|---|---|---|---|---|---|---|
| 1 കാ | ൽ | 2 കു | 3 ലേ | റ്റ | ർ | 4 സ |
| മ്പ | 5 ഹാ | ബി | റ്റാ | ണ് | 6 ന | ർ |
| 7 സ് | പ്പി | ക്ക | യി | 8 കോ | ഴ് | ക്കു |
| കോ | 9 വി | 10 ടി | 11 ബാ | ർ | സ | 12 ലേ |
| പ്പ് | 13 സ | പ്പോ | ർ | ട്ട് | റി | ഷ |
| ക്ക | 14 റി | സ | ർ | വേ | ഷ | ൻ |
| 15 ബാ | ലേ | മാ | 16 കോ | 17 റ | സ് | 18 ക്യൂ |

Name.......................................................................................................

Address...................................................................................................

Email.........................................................................Mob:.............................................

**പദപ്രശ്നം 4 : ശരിയുത്തരം അയച്ചവർ**

**ഗിരിജ എൻ നമ്പൂതിരി** , വടുതലായിൽ ഇല്ലം , കുടക്കച്ചിറ
**ഗിരിജ കേശവൻ** , രാജ് ഭവൻ , ( മേച്ചേരിൽ ഇല്ലം ) തൃപ്പൂണിത്തറ
**അനിതാ വിനോദ്** , അറവിക്കുളത്തില്ലം , മണിമല
**മുരളീമോഹനശർമ്മ** , പെരുമ്പുഴ ഇല്ലം , എഴാച്ചേരി
**രമാദേവി അന്തർജനം** , തോട്ടത്തിൽ ഇല്ലം, എഴാച്ചേരി

**ചില ഭാഗങ്ങളിൽ അൽപം കഠിനമായിരുന്ന പദപ്രശ്നം 4ന് ശരിയുത്തരം അയച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ. അന്വേഷണ തൽപരത ജനിപ്പിക്കാനും ഭാഷാശുദ്ധിയുണ്ടാക്കുവാനും പദപ്രശ്നം ഉപകരിക്കുന്നതിനാൽ കുട്ടികളെയും പൂരണത്തിന് പ്രേരിപ്പിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കുമല്ലോ**

| | | | |
|---|---|---|---|
| | ച | | ശി |
| ല | പുരുഷജാതകം | പുരുഷജാതകം | |
| മ | പുരുഷജാതകം | പുരുഷജാതകം | ഗു ശു |
| സ | മാ | | ര ബു കു |

**പുരുഷജാതകം**
ജനനം: 1991 സെപ്റ്റംബർ 26
നക്ഷത്രം: അശ്വതി
Education : B.Tech
ജോലി : Software Engineer
ഉയരം: 175 സെ.മി.
Ph: 9961472894, 9446102894

| | | | |
|---|---|---|---|
| ശു മാ | ര | ബു | സ |
| | പുരുഷജാതകം | പുരുഷജാതകം | |
| | പുരുഷജാതകം | പുരുഷജാതകം | |
| ശി | ല | ഗു | ച കു മ |

**പുരുഷജാതകം**
ജനനം: 1982 മെയ് 5 (8.37 pm)
നക്ഷത്രം: ചിത്തിര
Education : M.Sc. Electronics
Mob: 9446505307

| | | | |
|---|---|---|---|
| സാ | ഗു | മാ | |
| | പുരുഷ ജാതകം ഗ്രഹനില | പുരുഷ ജാതകം ഗ്രഹനില | ല |
| | പുരുഷ ജാതകം ഗ്രഹനില | പുരുഷ ജാതകം ഗ്രഹനില | ശുകു രബു |
| | മ | ച | ശി |

**പുരുഷജാതകം**
ജനനം:1987 ഓഗസ്റ്റ് 30 ന് 3.55 AM
നക്ഷത്രം: ചോതി
ശിഷ്ടദശ: ശനി 1-8-29
Education-: B.Com Tally
Accountant in Private Sector
ഉയരം: 168 cm
Mob-: 9495059449

വിദ്യാഭ്യാസയോഗ്യതയും സാമ്പത്തികവും വിഷയമല്ല

| | | | |
|---|---|---|---|
| മ ശി | | | |
| | സ്ത്രീജാതകം | സ്ത്രീജാതകം | കു ശു |
| ച | സ്ത്രീജാതകം | സ്ത്രീജാതകം | ബു |
| ല ഗു മാ | | | ര സ |

**സ്ത്രീജാതകം**
ജനനം: 1996 സെപ്റ്റംബർ 24
നക്ഷത്രം: അവിട്ടം
Education : **B.Sc, DCA**
ജോലി : Nil
ഉയരം: 152 സെ.മി.
Ph: 9400621440, 9496802025

**പാചകം**

ഉഷാദേവി, ഉഷസ്സ്,
പാണാട്ടില്ലം - 9995064610

## കൊഴുക്കട്ടയട

(വാഴയിലയിൽ പൊതിഞ്ഞ പലഹാരം). എന്റെ ചെറുപ്പകാലത്ത് ഇല്ലത്ത് ഒരിയ്ക്കലിന് ഉണ്ടാക്കാറുള്ള ഒരു പലഹാരമാണിത്

**ആവശ്യമുള്ള സാധനങ്ങൾ**

കുത്തരി 2 ഗ്ലാസ്
ഉണക്കലരി 1/2 ഗ്ലാസ്
തേങ്ങാ ചിരകിയത് ഒരു മുറി തേങ്ങയുടെ
ജീരകം 1 ടീ സ്പൂൺ
ഉപ്പ് ആവശ്യത്തിന്

**ഉണ്ടാക്കുന്ന വിധം**

കുത്തരിയും ഉണക്കലരിയും 8 മണിക്കൂർ കുതിർത്തു വയ്ക്കണം. എന്നിട് ഒരു തുണിയിൽ നിരത്തിവച്ച് വെള്ളം തോർന്നതിനു ശേഷം മിക്സിയിൽ തരുതരുപ്പായി പൊടിച്ചെടുക്കണം. (പണ്ട് ആട്ടുകല്ലിൽ അരയ്ക്കുകയായിരുന്നു പതിവ്) ഇതിലേയ്ക്ക് ജീരകം ചതച്ചത്, ഉപ്പ്, വെളിച്ചെണ്ണ , തേങ്ങ ഇവയിട്ട് ഇളക്കി ആവശ്യത്തിന് വെള്ളമൊഴിച്ച് കുഴച്ച് വാട്ടിയ ഇലയിൽ കുറേശ്ശേ എടുത്തുവച്ച് പൊതിഞ്ഞ് അട ഉണ്ടാകുന്നതുപോലെ ആവിയിൽ വച്ച് വേവിച്ചെടുക്കണം. ചമ്മന്തി കൂട്ടി കഴിക്കാൻ നല്ല സ്വാദാണ്.



മണർകാട് ദേവീക്ഷേത്രത്തിൽ വച്ച് നടന്ന കേന്ദ്രതല രാമായണമാസാചരണ ഉത്ഘാടന വേദി




രാമായണമാസാചരണ സമാപനസമ്മേളനത്തിൽ ഡോ.ഹരികൃഷ്ണൻ സംസാരിക്കുന്നു.



**ആദരാഞ്ജലികൾ**

**അമ്മിണി അന്തർജനം (91)**
(കപ്രശ്ശേരി കോൽക്കുഴി ഇല്ലത്തെ പരേതനായ കേശവൻ ഇളയതിന്റെ സഹധർമ്മിണി) 5-8-2019ന് രാവിലെ വിഷ്ണുപാദം പൂകി.



**ആദരാഞ്ജലികൾ**

**നാരായണൻ ഇളയത് (79)**
(തൃപ്പൂണിത്തുറ ചളികാട്ട് ഇല്ലം)14.07.19 വെളുപ്പിന് 3.45 വിഷ്ണുപാദം പൂകി.



മനസിലാക്കുക നമ്മൾ പരസ്പരമെനിക്കതൊന്നേ മോഹം

നമുക്കൽപ്പം ചിന്തിക്കാം

# ആർത്തവവും അശുദ്ധിയും

സുധാകുമാരി, മാന്താനത്തില്ലം, തുറവൂർ ശാഖ

പല ആചാരങ്ങളും നാം അനുഷ്ഠിച്ചു പോരുന്നുണ്ടെങ്കിലും ഇടയ്ക്കൊക്കെ അതിനെക്കുറിച്ച് ചിന്തിച്ച് മൂല്യം നഷ്ടപ്പെടുത്താതെതന്നെ കാലാനുസൃത മാറ്റങ്ങൾ വരുത്തുന്നത് നല്ലതല്ലേ? അതല്ലേ ശരിയായ നവോത്ഥാനവും. ആർത്തവത്തെക്കുറിച്ചും അതിന്റെ അശുദ്ധിയെക്കുറിച്ചും ശബരിമല യുവതീ പ്രവേശനമൊക്കെ ചൂടുപിടിച്ചിരുന്ന സമയത്ത് പല മാധ്യമങ്ങളിലും പല മഹാന്മാരിലൂടെയും നൽകിയ ചിന്തകളും അഭിപ്രായങ്ങളും നമ്മളും കണ്ടിരുന്നതല്ലേ? ആർത്തവകാലം ഇന്നും കുറച്ചൊക്കെ ആചാരിച്ചു പോരുന്നവരെന്നനിലയ്ക്ക് നമുക്കും അല്പം ചിന്തിക്കാം.

ആർത്തവം എന്തെന്ന് എല്ലാവർക്കുമറിയാം. പ്രകൃതിയുടെ ഒരുസ്വാഭാവിക പ്രക്രിയയാണത്. ഒരു സ്ത്രീയ്ക്ക് ഈശ്വരൻ കനിഞ്ഞുനൽകിയ വരദാനമാണ്. അതുള്ള സ്ത്രീയ്ക്കുമാത്രമെ ഗർഭം ധരിക്കാനും പ്രസവിക്കാനും കഴിയൂ. സ്ത്രീജന്മത്തിന്റെ ധന്യതയും പുണ്യവുമാണ് അമ്മയാകുക എന്നത്. അതിനവളെ പ്രാപ്തയാക്കുന്നതിന്റെ പ്രധാനലക്ഷണമാണ് ആർത്തവം. ഈ വിശേഷപ്പെട്ട ശരീരമാറ്റം പെൺകുട്ടികളിൽ ആദ്യമായി സംഭവിക്കുമ്പോൾ നമ്മൾ ബ്രാഹ്മണർ അതൊക്കെ ആഘോഷിച്ചിരുന്നതിന്റെ ഓർമ്മകൾ പലർക്കുമുണ്ടാവും. ഇന്നും ചിലയിടങ്ങളിൽ രഹസ്യമായി ഒരാഘോഷമൊക്കെനടക്കാറുമുണ്ട്.

സ്ത്രീ ശരീരത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന അണ്ഡം സഫലമാകാതെ മൃതമാവുമ്പോൾ അത് രക്തത്തോടൊപ്പം പുറന്തള്ളപ്പെടുന്നതാണല്ലോ ആർത്തവം. ഈ വിസർജ്ജനകാലത്തെ അശുദ്ധിയാണല്ലോ നമ്മുടെ ചിന്താവിഷയം. ശരീരം മുഴുവൻ എപ്പോഴും ചംക്രമണം ചെയ്തുകൊണ്ടിരിക്കുന്ന രക്തം പുറത്തേക്കുവന്നാൽ എങ്ങനെ അശുദ്ധമാവും എന്ന ചോദ്യമുണ്ടായാൽ ഖണ്ഡിക്കാൻ ഡോ. എൻ ഗോപാലകൃഷ്ണൻ പറഞ്ഞ ഒരു വാചകം മതി. മലവും മൂത്രവുമൊക്കെ നമ്മുടെ ശരീരത്തിനുള്ളിൽ എപ്പോഴുമുണ്ട്. എന്നാൽ അവ വിസർജ്ജിക്കപ്പെടുമ്പോഴോ.... വിശദീകരണം വേണ്ടേ വേണ്ട. അതുമുഴുവൻ കഴുകി വൃത്തിയാക്കിയാൽ മാത്രമേ ശുദ്ധി കൈവരുന്നുള്ളൂ.

കേടായ അണ്ഡവും അശുദ്ധരക്തവും പുറന്തള്ളപ്പെടുമ്പോൾ അത് ആ വ്യക്തിയുടെ ശരീരത്തെ അശുദ്ധമാക്കുന്നു എന്നതിൽ സംശയമില്ലല്ലോ? അപ്പോൾ പിന്നെ അശുദ്ധി എങ്ങനെ ആചരിക്കണമെന്നുമാത്രമേ ചിന്തിക്കേണ്ടതുള്ളു.

ആർത്തവമുള്ള സ്ത്രീയെ മൂന്നു ദിവസം മുഴുവനും മറ്റുള്ളവരുമായി സംസർഗ്ഗം ചെയ്യാതെ മാറ്റിനിർത്തിയിരുന്നകാലം നമ്മുടെ ഗൃഹങ്ങളിൽ എല്ലാം തന്നെ ഉണ്ടായിരുന്നു. ഇന്നും വിരളമായെങ്കിലും ഇങ്ങനെ ആചരിക്കപ്പെടുന്നുമുണ്ട്. ആർത്തവ സമയത്ത് ചെറിയ ശാരീരികാസ്വസ്ഥതകൾ പനി, തലവേദന, ഛർദ്ദി, നടുവേദന, വയറുവേദന, കാൽകഴപ്പ് തുടങ്ങിയവ പല സ്ത്രീകൾക്കും ഉണ്ടാകാറുണ്ട്. മുൻകാലങ്ങളിൽ ഗൃഹജോലികളെല്ലാം തന്നെ ഇന്നത്തേക്കാൾ എത്രയോ കായികാധ്വാനമുള്ളവയായിരുന്നു. അവയിൽനിന്നൊക്കെ ഒഴിവാക്കി വിശ്രമം കിട്ടാനും ആർത്തവകാലം ലൈംഗികബന്ധത്തിന് ഒട്ടും അനുകൂലമല്ലാത്തതിനാൽ പുരുഷനോടൊത്തുള്ള സഹശയനം ഒഴിവാക്കാനും ഒക്കെ ആയിരുന്നിരിക്കാം ചിന്താശക്തിയുള്ള പഴമക്കാർ അശുദ്ധികല്പിച്ച് മൂന്ന് ദിവസം ഒഴിവു നൽകിയിരുന്നു.

ഇന്ന് കാലം മാറിയിരിക്കുന്നു. ആർത്തവകാലത്തും നല്ല രീതിയിൽ കുളിച്ചു വൃത്തിയായി നടക്കാനുള്ള എല്ലാ ആധുനിക സൗകര്യങ്ങളും ഇന്നുണ്ട്. ശാരീരികാസ്വാസ്ഥ്യങ്ങൾക്ക് പലതരം മരുന്നുകളും ലഭ്യമാണ്. ഇവയൊക്കെ സ്ത്രീയുടെ ആർത്തവകാലത്തെ ഉന്മേഷരാഹിത്യത്തെ ഇല്ലാതാകുന്നു. മാത്രമല്ല എല്ലാദിവസവും മിക്ക സ്ത്രീകളും വിദ്യാഭ്യാസത്തിനോ ഉദ്യോഗത്തിനോ ആയി പുറത്ത് പോകുന്നുമുണ്ട്. അപ്പോൾ പിന്നെ മാസംതോറും മൂന്നു ദിവസം ഒഴിവെടുക്കാനാവില്ലല്ലോ? ഗൃഹജോലികൾ ഒട്ടുംതന്നെ ആയാസമില്ലാത്തതും കുടുംബങ്ങളെല്ലാം അണുകുടുംബവും ആയതോടെ വീട്ടുജോലികളിൽ നിന്നൊഴിവാകാനുള്ള സാഹചര്യവും സ്ത്രീക്ക് ഇന്നില്ല. അതിനാൽ ഇതെല്ലാം കാലാനുസൃതമാറ്റങ്ങളായി കണക്കിലെടുക്കേണ്ടതല്ലേയുള്ളു?

ആർത്തവത്തിലുള്ള സ്ത്രീയ്ക്ക് ക്ഷേത്രപ്രവേശനം അനുവദിക്കുന്നതുപോലെയുള്ള കാര്യങ്ങൾ എത്രചിന്തിച്ചാലും ന്യായീകരിക്കാൻ നമുക്കാവില്ല. ഏറ്റവും പരിശുദ്ധമായി സൂക്ഷിക്കപ്പെടുന്ന ആരാധനാലയങ്ങളിൽ വിസർജ്ജനരക്തം പുരണ്ട ശരീരവുമായി കടന്നുചെല്ലുന്നത് എങ്ങനെ ശരിവയ്ക്കാനാവും? ആരാധനാലയങ്ങളിൽ കല്പിച്ചിട്ടുള്ള ഈ വിലക്ക് സത്യസന്ധമായി അനുഷ്ഠിക്കേണ്ടത് ഒരോ സ്ത്രീയുടേയും കടമയാണ്. ഈശ്വരാരാധനാപരമായ സൽക്കർമ്മങ്ങൾ നടക്കുന്നിടം, സർപ്പക്കാവുകൾ എന്നിവിടങ്ങളിൽ നിന്നൊക്കെ രജസ്വലയെ അകറ്റി നിർത്താറുള്ളത് അവിടത്തെസ്ഥല ശുദ്ധിയ്ക്കു കോട്ടം സംഭവിക്കാതെ കർമശുദ്ധി വരുത്താനാണ്.

ആർത്തവം നമ്മുടെ നിയന്ത്രണത്തിലല്ല സംഭവിക്കുന്നത്. ഒരു ഏകദേശ ദിവസക്കണക്കുമാത്രമേയുള്ളൂ. മലമൂത്രവിസർജ്ജനത്തിനുമേലുള്ള അത്ര നിയന്ത്രണം പോലും ആർത്തവരക്തസ്രാവത്തിന്മേൽ മനുഷ്യർക്കില്ല. എപ്പോൾ എവിടെ വച്ച് ഏതളവിൽ വേണമെങ്കിലുമാകാം. രക്തസ്രാവം നിയന്ത്രണാതീതമായി സംഭവിച്ച് ശരീരം മലിനമാക്കപ്പെടാറുമുണ്ട്. ഇങ്ങനെയിരിക്കെ പരിശുദ്ധമായി സൂക്ഷിക്കുന്ന സ്ഥലങ്ങളിൽ ആർത്തവകാലത്ത് പ്രവേശനം നിഷിദ്ധമല്ലേ? ചിന്തിച്ച് നോക്കുക.



വിശ്വാസമല്ലോ വിളക്ക് മനുഷ്യന്
വിശ്വാസം ജീവസർവസ്വമല്ലോ

ശ്രീമദ്ഭാഗവതം മൂലം ഏകാദശസ്ക്കന്ധം 21-ാം അദ്ധ്യായത്തിൽ ശുദ്ധാശുദ്ധങ്ങളെക്കുറിച്ച് ഭഗവാൻ തന്നെ ഉദ്ധവർക്ക് വിശദമായി പറഞ്ഞുകൊടുക്കുന്നുണ്ട്.

ദേശകാലസാഹചര്യങ്ങൾക്കനുസരിച്ച് അല്പമൊക്കെ മാറ്റങ്ങൾ അനുവദിക്കാമെന്നു പറയുന്നുണ്ട്. ഉദാഹരണങ്ങളും വിശദീകരിക്കുന്നുണ്ട്. അങ്ങനെവരുമ്പോൾ മൂല്യം നഷ്ടപ്പെടാതെ ദേശകാലാനുസൃതമായ മാറ്റങ്ങൾ ആവാമെന്നുതന്നെ. ആലോചനാശക്തിയുള്ള മനുഷ്യർക്ക് ധർമ്മാചരണത്തിനുവേണ്ടിയാണ് ശുദ്ധാശുദ്ധങ്ങൾ നിശ്ചയിച്ചിട്ടുള്ളതെന്നാണ് ഭഗവാൻ പറയുന്നത്. അതിനാൽ വേദവിഹിതമായ ശുദ്ധാശുദ്ധങ്ങൾ നമ്മുടെ ബുദ്ധിയുപയോഗിച്ച് കാലാനുസൃതമാറ്റം വരുത്തി ആചരിക്കുന്നതാണ് ധർമ്മം. കുറച്ച്നാൾ മുമ്പ് നമ്മുടെ നാട്ടിൽ ആർത്തവരക്തം പുരണ്ടതുണിപൊക്കിപ്പിടിച്ച് ആർപ്പുവിളിച്ച് നവോത്ഥാനമെന്നൊക്കെ വിളിച്ച് കൂവിയതിന്റെ പിന്നിലുള്ള ചേതോവികാരങ്ങൾ എത്ര ചിന്തിച്ചാലും മനസ്സിലാവില്ല.

ഈശ്വരനേയും പ്രകൃതിയേയും നിഷേധിച്ച് ഒരോ ആചാരലംഘനങ്ങളും നടത്തിയാൽ സർവനാശത്തിനുകാരണമാവുമെന്ന് നമുക്ക് ചിന്തിച്ചാൽ മനസ്സിലാവുകയും ചെയ്യും. ധാർമ്മികമായി ആചാരങ്ങളനുഷ്ഠിച്ച് ജീവിച്ച് അത് കുട്ടികളിലേക്കും പകർന്ന് ജീവിതം ധന്യമാക്കാൻ നമുക്കെല്ലാം തീർച്ചയായും ശ്രമിക്കാം.

## മുഖചിത്രം

ചരാചരപ്രേമത്തിന്റെ ഉദാത്ത മാതൃകയും അർത്ഥപൂർണവുമായ അനേകം ആചാരങ്ങൾ നമുക്കുണ്ടായിരുന്നു . അതിലൊന്നാണ് ചിങ്ങത്തിരുവോണനാളിലെ ഉറുമ്പിന് കൊടുക്കൽ. തേങ്ങാ ചിരവിയതും ശർക്കരയും നുറുങ്ങിയ ഉണക്കലരിയും ചേർത്തിളക്കി കുരുമുളക് ചെടിയുടെ ഇലയിൽ ദീപസമേതം വീടിന്റെ എല്ലാ മുറികളിലൂടെയും തറയിൽ സന്ധ്യക്ക് വയ്ക്കുകയാണ് പതിവ്.ദീപം ചിരാതിലോ ഇലയിലോ വയ്ക്കാം. മനുഷ്യരുൾപ്പെടെയുള്ള ജീവകുലത്തിന്റെ നിലനിൽപിന് ഉറുമ്പുകളുടെയും മറ്റ് ചെറുപ്രാണികളുടെയും വിവിധ തലത്തിലുള്ള പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണെന്ന തിരിച്ചറിവ് നമ്മുടെ പൂർവികർക്ക് പണ്ടേ ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഈ ജീവികൾ അത്ര ' ക്ഷുദ്ര' മല്ലെന്നും ആരാധിക്കപ്പെടേണ്ടവർ തന്നെ ആണെന്നും തികഞ്ഞ അഹിംസാവാദികളായ അവർ ഉറച്ചു വിശ്വസിച്ചിരുന്നു.

**നല്ല നല്ല കീഴ്‌വഴക്കങ്ങളെയും ആചാരങ്ങളെയും നമുക്ക് നിലനിർത്താൻ ശ്രമിക്കാം.**

(ഫോട്ടോ: കൃഷ്ണേന്ദു ശർമ, കാരിക്കോട്ടില്ലം, ഒലിയപ്പുറം.
രൂപകൽപന: സെൻ)

## ഏഴുചുവടുകൾ കൊണ്ട് സഖിമാരായിത്തീരുന്ന വിവാഹസംസ്കാരമാണ് സപ്തപദി

1. **ഇഷ ഏകപദീ ഭവ**
*(അന്നപാനാദികൾക്കായി ഏക പദം ). -*
2. **ഊർജ്ജേ ദ്വിപദീ ഭവ**
*(വീര്യബലാദികൾക്കായി ദ്വിപദം)*
3. **രായസ്പോഷാ യദ് ത്രിപദീ ഭവ**
*(നസമ്പത്തുകൾക്കായി ത്രിപദം)*
4. **മായോഭവ്യായ ചതുഷ്പദീ ഭവ**
*(സുഖക്ഷേമങ്ങൾക്കായി ചതുഷ്പദം)*
5. **പ്രജാഭ്യഃ പഞ്ചപദീ ഭവ**
*(വംശവൃദ്ധിയ്ക്കായി പഞ്ചപദം)*
6. **ഋതുഭ്യഃ ഷട്പദീ ഭവ**
*(ഋതുക്കൾക്കനുസൃതമായ പെരുമാറ്റത്തിനായി ഷട്പദം)*
7. **സഖാ സപ്തപദീ ഭവ**
*(മൈത്രീഭാവവൃദ്ധിയ്ക്കായി സപ്തപദം)*


**പുതിയ പുസ്തകം**

# അക്ഷരശ്ലോകാവലി

**സമ്പാദക: വി.എൽ.ശാരദാ അന്തർജ്ജനം**

**അക്ഷരശ്ലോകരചനയും അവതരണവുമായി ബന്ധപ്പെടുവാൻ ആഗ്രഹിക്കുന്നവർക്ക് വളരെയേറെ പ്രയോജനപ്പെടുന്ന ഒരു പുസ്തകമാണ് അക്ഷരശ്ലോകാവലി.**




**വില
250 രൂപ**



**ആവശ്യക്കാർ ബന്ധപ്പെടുക.**
**വി.എൽ.ശാരദാ അന്തർജ്ജനം**
**മലമേൽ ഇല്ലം, കിടങ്ങൂർ പി.ഒ. 686 572**
**Ph: 9400196322, 04822-257474**

## കേന്ദ്ര വാർത്തകൾ

മലയാള ബ്രാഹ്മണ സമാജം കേന്ദ്ര കൗൺസിൽ യോഗം 22/07/2019 ഞായറാഴ്ച ഏറ്റുമാനൂർ നന്ദാവനം ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. കേന്ദ്ര പ്രസിഡന്റ് അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി വാർഷിക റിപ്പോർട്ടും, ട്രഷറർ വാർഷിക കണക്കും അവതരിപ്പിച്ചു. അംഗങ്ങളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ശേഷം യോഗം ഇവ രണ്ടും പാസ്സാക്കി. തുടർന്ന് പ്രമേയങ്ങളെ പറ്റി ഉള്ള ചർച്ചകൾ ആയിരുന്നു. ബാല യുവജന വനിതവേദികൾ ആരംഭിക്കുക, എല്ലാ ശാഖയ്ക്കും ഒരേ രീതിയിലുള്ള സീൽ, രജിസ്റ്റർ, ലെറ്റർ പാഡ് എന്നിവ ആക്കുക, വിദ്യാഭ്യാസ ചികിത്സ സഹായ നിധിയായ ഹവിസ്സ് പുനരാരഭിക്കുക തുടങ്ങി ഒട്ടനവധി പ്രമേയങ്ങൾ ലഭിക്കുകയും ഇവ എല്ലാം ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

കേന്ദ്ര തല രാമായണ മാസചരണത്തിന്റെ ഉത്ഘാടനം കോട്ടയത്ത് കോത്തല ശാഖയിൽ വച്ചും , സമാപനം എറണാകുളത്തു കോതമംഗലം ശാഖയിൽ വച്ചും നടന്നു. ഇരു പരിപാടികളിലും പങ്കെടുത്ത എല്ലാ ആളുകൾക്കും കേന്ദ്ര സമിതിയുടെ നന്ദി രേഖപ്പെടുത്തുന്നു



## കോട്ടയം ജില്ലാവാർത്തകൾ

മലയാള ബ്രാഹ്മണ സമാജം കോട്ടയം ജില്ല സമിതിയുടെ ജൂലൈ മാസ യോഗം 14-07-2019 ജില്ല പ്രസിഡന്റിന്റെ വസതിയായ പുലിയന്നൂർ ശ്രീമന ഇല്ലത്ത് വച്ചു നടന്നു. ഈ വർഷത്തെ നവരാത്രി ആഘോഷം കുമ്മണ്ണൂർ നടയ്ക്കാംകുന്നു ഭഗവതി ക്ഷേത്രത്തിൽവച്ച് ഒക്ടോബർ 7 മഹാനവമി ദിനത്തിൽ നൃത്ത സംഗീതോത്സവമായി നടത്തുവാൻ തീരുമാനിച്ചു. അതിനായി സ്വാഗത സംഘം രൂപീകരിച്ചു.

രാമായണ മാസ ഉത്ഘാടനം 21/07/2019 ന് മണർകാട് ദേവി ക്ഷേത്രത്തിൽ പൂർണ്ണദിന പരിപാടിയായി നടത്തുവാൻ തീരുമാനിച്ചു.

കോട്ടയം ജില്ലയിൽ പ്രൈവറ്റ് ശാന്തിക്കാരെ ക്ഷേമനിധിയിൽ ചേർക്കുവാൻ വേണ്ടി വൈക്കം ശാഖ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട് ചർച്ച ചെയ്ത് ശാഖാതലത്തിൽ ചർച്ചയ്ക്കായി അയച്ചു.

ജില്ലയിൽ പുതിയ ആചാര്യന്മാരെ കണ്ടെത്തി അവർക്ക് പരിശീലനം നൽകി ആചാര്യന്മാരുടെ കുറവ് നികത്താൻ ഉള്ള പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ചു.

## എറണാകുളം വാർഷിക ജില്ലാ കൗൺസിൽ

14.7.2019 ഞായറാഴ്ച ഉച്ചയ്ക്ക് 2.30 ന് ആലുവ അന്നപൂർണ ഹാളിൽ ജില്ലാ കൗൺസിൽ ചേരുകയുണ്ടായി. ജില്ലാ പ്രസിഡന്റ് ശ്രീ.**VNT** നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേന്ദ്ര സെക്രട്ടറി ശ്രീ. ദേവൻ ഇളയത് മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി ശ്രീ.രവികുമാർ വാർഷിക പ്രവർത്തന റിപ്പോർട്ടും ജില്ലാ ട്രഷറർ ശ്രീ. പുരുഷോത്തമൻ ഇളയത് വാർഷിക വരവ് ചിലവ് കണക്കുകളും അവതരിപ്പിച്ചു. രണ്ടും വിശദമായ ചർച്ചകൾക്കുശേഷം ഐകൃകണ്ഠേന പാസ്സാക്കുകയുണ്ടായി.

ശ്രീ.KSD ഇളയത് ജില്ലാ വൈ. പ്രസിഡന്റ് സ്ഥാനം രാജി വച്ച് ഒഴിയുകയും തൽസ്ഥാനത്തേക്ക്, കോതമംഗലം ശാഖയിൽ നിന്നുള്ള ശ്രീ.ES മണിയെ, ശാഖയിൽ നിന്നും തിരഞ്ഞെടുത്തതായുള്ള ശുപാർശ ലഭിക്കുന്ന മുറയ്ക്ക്, അവരോധിക്കുവാനും തീരുമാനിച്ചു. പ്രവർത്തനമാന്ദ്യം ഉള്ള ശാഖകളുടെ പുനരുജ്ജീവനത്തിനായി ജില്ലാ നേതൃത്വത്തിന്റെ ശക്തമായ ഇടപെടൽ നടത്തുവാനും യോഗം തീരുമാനിച്ചു. ട്രഷറർ നന്ദി രേഖപ്പെടുത്തി.

## തിരുവനന്തപുരം ജില്ലാ വാർത്തകൾ

തിരുവനന്തപുരം ജില്ലയുടെ രാമായണമാസാചരണവും കുടുംബയോഗവും ഇക്കഴിഞ്ഞ ഓഗസ്റ്റ് 15 നു ശ്രീ ദാമോദരന്റെ കുടപ്പനക്കുന്നിലുള്ള വസതിയിൽ (പാണ്ടിയാട്ട് ഇല്ലം) വച്ച് ആഘോഷിച്ചു. കുടപ്പനക്കുന്ന് ISKCON മഠാധിപതി സ്വാമി മനോഹർ ഗൗരദാസ് പ്രഭു "രാമായണം മാഹാത്മ്യവും സന്ദേശവും" ആസ്പദമാക്കി പ്രഭാഷണം നടത്തി. പ്രായഭേദമെന്യേ എല്ലാവർക്കും മനസ്സിലാക്കാൻ സാധിക്കത്തക്കവിധം വളരെ ലളിതമായ രീതിയിൽ ആണ് സ്വാമി രാമായണം തത്ത്വങ്ങൾ സോദാഹരണം വിവരിച്ചത്. രണ്ടു മണിക്കൂറോളം അദ്ദേഹം സദസ്യരെ ഫലിതരൂപേണ ഭക്തിമാർഗത്തിൽ നടത്തി. മലയാള ബ്രാഹ്മണ സമാജത്തിന്റെ ഉപഹാരം ജില്ലാ പ്രസിഡന്റ് സ്വാമിയ്ക്ക് നൽകി ആദരിച്ചു.

സമാജാംഗങ്ങൾക്കായി നടത്തിയ രാമായണപാരായണ മത്സരത്തിലെ വിജയികൾക്ക് സ്വാമി സമ്മാനങ്ങൾ നൽകി. സമാജം ഈ വർഷം നടത്തിയ രാമായണം മാസാചരണത്തിൽ എല്ലാ ദിവസവും പങ്കെടുത്തവർക്കും ഉപഹാരങ്ങൾ നൽകി.

പ്രസിഡന്റ് ശ്രീ. ഗോപാലകൃഷ്ണ ശർമയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഗൃഹനാഥൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി ശ്രീ. വേണുഗോപാൽ കഴിഞ്ഞ യോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചതിന് ശേഷം ഗൗരവപൂർവ്വമായ ചർച്ചകൾ നടന്നു. പ്രധാനമായും തിരുവനന്തപുരം ജില്ലയുടെ വാർഷികം നവംബറിൽ നടത്തുന്നതിനെ പറ്റിയാണ് സംസാരിച്ചത്. ഐകമത്യ സൂക്തത്തിനു ശേഷം വൈസ് പ്രസിഡന്റ് ശ്രീ. ഡോക്ടർ കെ.യു.കെ. നമ്പൂതിരി കൃതജ്ഞത പറയുകയും വിഭവസമൃദ്ധമായ ഭക്ഷണം ഒരുക്കിയ ശ്രീ ദാമോദരനും കുടുംബത്തിനും നന്ദി രേഖപ്പെടുത്തുകയും ചെയ്തുകൊണ്ട് യോഗം അവസാനിപ്പിച്ചു.



പാടുപെടുന്നവർ നീങ്ങുന്ന ജാഥയിൽ
പാടുക , പാടുക സംഘഗാനങ്ങൾ നാം

### കൂത്താട്ടുകുളം ശാഖ

കൂത്താട്ടുകുളം ശാഖയുടെ വാർഷിക പൊതുയോഗവും 201819 വർഷത്തെ കണക്ക് അവതരണവും ലഘു സമ്പാദ്യ പദ്ധതിയുടെ നറുക്കെടുപ്പും 21.07.2019 ഞായറാഴ്ച്ച ഒലിയപ്പുറം കാരിക്കോട്ടില്ലത്ത് ബ്രഹ്മശ്രീ.നാരായണൻ ഇളയതിന്റെ വസതിയിൽ വച്ച് നടന്നു. ആദരണീയനായ ശാഖാ സെക്രട്ടറി വിജയൻ അവർകളുടെ അകാല വിയോഗത്തിൽ അനുശോചനം അർപ്പിച്ചു തുടങ്ങിയ ചടങ്ങിൽ ശാഖാ പ്രസിഡന്റ് പി.എൻ.മുരളീധരശർമ്മ അധ്യക്ഷത വഹിച്ചു ശാഖാ ജോ.സെക്രട്ടറി സുനീഷ്.എസ്.ശർമ്മ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ശ്രീകാന്ത്.എം.എൻ 201819 വർഷത്തെ കണക്കും ചടങ്ങിൽ അവതരിപ്പിച്ചു . ജില്ലാ പ്രസിഡന്റ് വി.എൻ.ടി നമ്പൂതിരി, ജില്ലാ ട്രഷറർ പുരുഷോത്തമൻ ഇളയത് എന്നിവർ ആശംസാ പ്രസംഗങ്ങൾ നേർന്നു. വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് ജില്ലാ പ്രസിഡന്റ് വി.എൻ.ടി നമ്പൂതിരി ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു. പുതിയ ശാഖാ സെക്രട്ടറിയായി സുനീഷ്.എസ്.ശർമയും ജോ.സെക്രട്ടറിയായി ഹരികുമാർ മഴുവഞ്ചേരി ഇല്ലത്തെയും തെരഞ്ഞെടുത്തു. കൃതജ്ഞതയോടെ യോഗം പിരിഞ്ഞു.

### ചേർത്തല ശാഖാ

ശാഖയുടെ ഈ വർഷത്തെ രാമായണ മാസാചരണം 04.08.19 ന് പകൽ 2 മണിക്ക് താമരശ്ശേരിൽ ഇല്ലത്ത് (ശ്രീഹരിലാലിന്റെ വസതി) വച്ച് നടത്തി. കടുംബനാഥനായ ശ്രീഹരിലാൽ ഭദ്രദീപം കൊളുത്തി ചടങ്ങുകൾ ആരംഭിച്ചു. കെ.കെ.ശാരദാമണി ഈശ്വരപ്രർത്ഥന നടത്തി. പ്രസിഡന്റ് വി.സേതുമാധവ ശർമ്മ അദ്ധ്യക്ഷത വഹിച്ച ചടങ്ങിന് സെക്രട്ടറി ശ്രീവത്സൻ നമ്പൂതിരി സ്വാഗതം ആശംസിച്ചു. പുല്ലയിൽ ഇല്ലത്ത് ബ്രഹ്മശ്രീ മുരളീധരൻ നമ്പൂതിരി രാമായണ സന്ദേശത്തിന്റെ പ്രസക്തിയെ സംബന്ധിച്ച് മുഖ്യ പ്രഭാഷണം നടത്തുകയും ചടങ്ങ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ശാഖാ അംഗം കരിക്കാട്ടിൽ ഇല്ലത്ത് ഗിരിജയുടെ നേതൃത്വത്തിൽ സമാജാഗംങ്ങൾ രാമായണ പാരായണം നടത്തി. പട്ടാഭിഷേക സമയത്ത് ശ്രീവത്സൻ നമ്പൂതിരി ദീപാരാധന നടത്തി. കെ.കെ.ശാരദാമണി നന്ദി പ്രകാശിപ്പിച്ചു.

### പാലാ ശാഖാ

മലയാള ബ്രാഹ്മണ സമാജം പാലാ ശാഖയുടെ ഈ വർഷത്തെ രാമയനദിനാചരണം 15-08-2019ന് അന്തിനാട് കല്ലമ്പള്ളി ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെ വസതിയിൽ വച്ചു നടന്നു. ശാഖ പ്രസിഡന്റ് പ്രവീൺ കെ നമ്പൂതിരി അധ്യക്ഷത വഹിച്ചു. കേന്ദ്ര പ്രസിഡന്റ് ടി എൻ ബാബുകുമാർ ഉത്ഘാടനവും രാമായണ സന്ദേശവും നൽകി. നിത്യജീവിതത്തിൽ രാമായണ പാരായണത്തിനുള്ള പങ്ക് അദ്ദേഹം വിശദീകരിച്ചു. ജില്ല സെക്രട്ടറി അരുൺ കീച്ചേരിൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ശാഖ സെക്രട്ടറി ഹരികൃഷ്ണൻ, അംഗങ്ങളായ ശംഭുദേവ ശർമ്മ, ഇ എൻ വി നമ്പൂതിരി, രാധാകൃഷ്ണൻ നമ്പൂതിരി എന്നിവർ ചർച്ചകളിൽ പങ്കെടുത്തു.

### രാമപുരം ശാഖാ

രാമപുരം ശാഖയുടെ ഈ വർഷത്തെ രാമായണ മാസാചരണവും ആഗസ്റ്റ് മാസത്തെ കുടുംബയോഗവും 4/ 8/19 ഞായറാഴ്ച ഏഴാച്ചേരി വടക്കേൽ ഇല്ലത്ത് ബാബുക്കുട്ടൻ നമ്പൂതിരിയുടെ വസതിയിൽ നടന്നു. രാവിലെ 8 മണി മുതൽ ശാഖാംഗങ്ങൾ രാമായണം വായിച്ചു. ഉച്ച കഴിഞ്ഞ് 2 ന് ശാഖാ പ്രസിഡന്റ് വേണു പദ്മനാഭന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാ പ്രതിനിധിയായി ജില്ലാ കമ്മിറ്റിയംഗവും പാലാ ശാഖാ സെക്രട്ടറിയുമായ ഹരികൃഷ്ണൻ പങ്കെടുത്തു. റിപ്പോർട്ടിൻമേലും ഓണാഘോഷവും ചർച്ചകൾ നടന്നു. ഈ വർഷത്തെ ഓണാഘോഷം സെപ്തം.1-ാം തീയതി വടക്കേടത്തു ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെ വസതിയിൽ നടത്താം, അതിനുള്ള ചിലവുകൾ കൃഷ്ണൻ നമ്പൂതിരി നടത്താം എന്നും ഏറ്റു. അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പിരിവായി 1500 രൂപ ഈ മാസം മുതൽ പിരിക്കാം എന്നും തീരുമാനമായി 4.30ന് യോഗ നടപടികൾ അവസാനിച്ചു.

### വൈക്കം ശാഖാ

വൈക്കം ശാഖയുടെ മാസ പൊതുയോഗം രാമായണ ദിനാചരണത്തിന് പ്രാധാന്യം കൊടുത്തു കൊണ്ട് കല്ലറ പെരുംതുരുത്ത് ചേലമറ്റത്തില്ലത്ത് സന്തോഷ് കുമാറിന്റെ വസതിയിൽ 4-8-19 ഞായറാഴ്ച രാമായണപാരായണത്തോടെ കൃത്യം 2 PM ന് സമ്മേളനം ആരംഭിച്ചു. കോട്ടയം ജില്ലാ സെക്രട്ടറി ശ്രീ അരുൺ കീച്ചേരിൽ സമ്മേളനം ഉൽഘാടനം ചെയ്തു. ശാഖാ സെക്രട്ടറി ചന്ദ്രഗുപ്തൻ ഇളയതു് രാമായണ സന്ദേശം 'നൽകി 2019-20 വർഷത്തെ ഫണ്ടുപിരിവും അക്ഷരശ്ലോക സമിതിയും യോഗത്തിൽ വച്ച് ഉൽഘാടനം ചെയ്യപ്പെട്ടു. അൻപതോളം സമാജ അംഗങ്ങൾ പങ്കെടുത്ത യോഗാവസാനത്തിൽ 'ഒരു യോഗം ഒരു മരം ' പദ്ധതി ബഹു: ജില്ലാ സെക്രട്ടറി വൃക്ഷത്തെ നട്ടു കൊണ്ട് ഉൽഘാടനം ചെയ്തു. 4 മണിക്ക് യോഗം സമംഗളം അവസാനിച്ചു

### കുറവിലങ്ങാട് ശാഖാ

മലയാള ബ്രാഹ്മണ സമാജം കുറവിലങ്ങാട് ശാഖയുടെ രാമായണ മാസാചരണവും കുടുംബ സംഗമവും 10/8/2019 ശനിയാഴ്ച കുറവിലങ്ങാട് തുരുത്തിയിൽ ഇല്ലത്ത് റ്റി.എൻ സുദേവ ശർമ്മയുടെ വസതിയിൽ വച്ചു നടന്നു. പ്രസിഡന്റ് റ്റി.എസ് ശ്രീകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ജില്ലാ പ്രസിഡന്റ് റ്റി.എൻ ബാബു കുമാർ ഉദ്ഘാടനം ചെയ്യുകയും രാമായണ സന്ദേശം നൽകുകയും ചെയ്തു. ശാഖയിലെ മുതിർന്ന അംഗം കെ എൻ ബാലകൃഷ്ണ ശർമ്മയും തദവസരത്തിൽ സംസാരിച്ചു. SSLC, Plus 2, Degree തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള അവാർഡുകൾ ജില്ലാ സെക്രട്ടറി അരുൺ കീച്ചേരിൽ നല്കി. ജില്ലാ സമിതി നടപ്പിലാക്കിയ 'ഒരു യോഗം ഒരു മരം' പദ്ധതിയുടെ ഭാഗമായി പ്ലാവിൻ തൈ നടുകയുമുണ്ടായി.



ഇനിയുമൊരങ്കം കുറിക്കുക മക്കളെ
ജനിയാർന്ന നാടിതാ കേണിടുന്നു

## മണിമല ശാഖാ

മണിമല ശാഖയുടെ രാമായണ മാസാചരണവും കുടുംബ സംഗമവും 2019 ഓഗസ്റ്റ് 15 വ്യാഴം തമ്പലക്കാട്, കല്ലാരവേലിൽ ഇല്ലത്ത് , കെ.കെ. വാസുദേവൻ നമ്പൂതിരിയുടെ (സോമൻ ചേട്ടൻ) വസതിയിൽ വെച്ച് നടന്നു . രാമായണം സംസ്കൃതം ബ്രഹ്മശ്രീ .ഡി .ശ്രീധരൻ നമ്പൂതിരി പാരായണം ചെയ്തു .വൃക്ഷ തൈ നടീൽ ഗൃഹനാഥനും, കേന്ദ്ര ജോയിന്റ് സെക്രട്ടറി ശ്രീ. വി.എൻ. ദിവാകരൻ നമ്പൂതിരിയും ചേർന്ന് നിർവ്വഹിച്ചു. 2 മണിക്ക് പൊതു സമ്മേളനം ആരംഭിച്ചു. പൊതുസമ്മേളനത്തിന് വൈസ് പ്രസിഡന്റ് പ്രമോദ് പി.കെ. സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ശ്രീ. കെ.വി നാരായണൻ നമ്പൂതിരി അദ്ധ്യക്ഷ പ്രസംഗം നടത്തി. എം.ബി.എസ്. കേന്ദ്ര പ്രസിഡന്റ് ശ്രീ ടി.വി.നാരായണ ശർമ്മ ഉദ്ഘാടനം നിർവ്വഹിച്ചു. രാമായണം മൂലം സംസ്കൃതം പാരായണം നടത്തിയ മുതിർന്ന അംഗം ശ്രീ. ഡി ശ്രീധരൻ നമ്പൂതിരിയെ കേന്ദ്ര പ്രസിഡന്റ് പൊന്നാട അണിയിച്ച് ആദരിച്ചു. ഇല്ലത്തപ്പൻകാവ് ജനാർദ്ദനൻ നമ്പൂതിരി രാമായണ സന്ദേശം നൽകി. എം.ബി. എസ്. കേന്ദ്ര ജോയിന്റ് സെക്രട്ടറി ശ്രീ. വി.എൻ. ദിവാകരൻ നമ്പൂതിരി, എം .ബി.എസ്. കേന്ദ്ര എക്സിക്യൂട്ടീവ് കമ്മറ്റി അംഗം എ. കെ .വാസുദേവൻ ഇളയത്, ജില്ലാ ഖജാൻജി കെ.എൻ. പുരുഷോത്തമൻ നമ്പൂതിരി, ജില്ലാ കമ്മിറ്റി അംഗവും വൈക്കം ശാഖാ സെക്രട്ടറിയുമായ ശ്രീ . ചന്ദ്രഗുപ്തൻ ഇളയത്, ആണ്ടൂർ ശാഖാംഗം നിർമ്മല ദിവാകരൻ, എം.ബി.എസ് . മുൻ കേന്ദ്ര ട്രഷറർ എം.ഡി. മോഹൻദാസ് , ഡി ശ്രീധരൻ നമ്പൂതിരി, യുവജന വേദി പ്രതിനിധി ഗോകുൽ നമ്പൂതിരി , ശാഖാ സെക്രട്ടറിയായി ചാർജ്ജ് എടുത്ത ദാമോദരൻ നമ്പൂതിരി, ഊരകത്തില്ലം, എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. പരസ്പര സഹായ നിധി നറുക്കെടുപ്പ് നടന്നു. അഞ്ജനാ മനോജ് നന്ദി രേഖപ്പെടുത്തി. ഐകമത്യ സൂക്തത്തോടെ കൃത്യം 4 മണിക്ക് യോഗം അവസാനിച്ചു.

## കൊരട്ടി ശാഖാ

ശാഖയുടെ August മാസത്തെ യോഗം 18-08 -2019 ഞായറാഴ്ച ചെറുവാളൂർ കുറുകപ്പിള്ളി K. N. ദീപേഷ് ഇളയതിന്റെ ഇല്ലത്ത് വച്ച് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ഗൃഹനാഥൻ എല്ലാവർക്കും സ്വാഗതം പറഞ്ഞു. ഒരു വൃക്ഷതൈ നട്ട് യോഗം ഉദ്ഘാടനം ചെയ്യുകയും റിപ്പോർട്ട് വായിക്കുകയും ചെയ്തു. ട്രഷറർ കണക്കുകൾ അവതരിപ്പിച്ചു. ഇക്കൊല്ലത്തെ ഓണാഘോഷം 15-09-2019 ഞായറാഴ്ച ശാഖാ പ്രസിഡന്റ്അഷ്ടമിച്ചിറ കിരാത്തോളി രവി ഇളയതിന്റെ ഇല്ലത്ത് വച്ച് തീരുമാനിച്ചു.അന്നേ ദിവസം തന്നെ SSLC, Plus two,Degree പാസായ വിദ്യാർത്ഥികൾക്ക് ശാഖാംഗങ്ങൾ Sponser -ചെയ്ത Cash Prize ഉം ശാഖയുടെ വക certificate ഉം കൊടുക്കുവാൻ തീരുമാനിച്ചു. കൃതജ്ഞതയ്ക്കു ശേഷം 6:00 മണിയോടെ യോഗം പര്യവസാനിച്ചു.

## രാമായണമാസാചരണ സമാപനം

കേന്ദ്ര ജില്ല ശാഖ സമിതിയുടെ സംയുക്താഭിമുഖ്യത്തിൽ Aug. 15 ന് കോതമംഗലം ശാഖയിൽ, എരമല്ലൂർ, മാടശ്ശേരി ഇല്ലത്ത് ശ്രീ. ഉണ്ണികൃഷ്ണന്റെ വസതിയിൽ വച്ച് രാമായണമാസാചരണ സമാപന യോഗം നടത്തുകയുണ്ടായി. രാവിലെ 7 മണിക്ക് ആരംഭ ച്ച രാമായണ പാരായണം ഉച്ചയ്ക്ക് 12 മണി വരെ തുടർന്നു. അനന്തരം രാമായണത്തെ ആസ്പദമാക്കിയുള്ള ക്വിസ് മത്സരം നടത്തി. ഉച്ചയൂണിന് ശേഷം, ശാഖാ പ്രസിഡന്റ് സുബ്രമണ്യൻ ഇളയതിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന രാമായണമാസാചരണ സമാപനയോഗത്തിൽ ഈശ്വര പ്രാർത്ഥനയ്ക്കും ആചാര്യ വന്ദനത്തിനും ശേഷം കേന്ദ്ര ട്രഷറർ KSD ഇളയതിന്റെ സ്വാഗത പ്രസംഗത്തിനും തുടർന്നുള്ള അദ്ധ്യക്ഷ പ്രസംഗത്തിനും ശേഷം കേന്ദ്ര സെക്രട്ടറി ദേവൻ ഇളയത്, യോഗത്തിന്റെ ഉൽഘാടനം നിർവ്വഹിച്ചു. അനന്തരം കാലടി സംസ്കൃത യൂണിവേഴ്സിറ്റി അസി. പ്രൊഫ. ഡോ.ഹരികൃഷ്ണൻ രാമായണ സന്ദേശം നല്കി. എറണാകുളം ജില്ലാ പ്രസിഡന്റ് VNT നമ്പൂതിരി, ജില്ലാ സെക്രട്ടറി രവികുമാർ എന്നിവരുടെ ആശംസ പ്രസംഗത്തിനു ശേഷം ക്വിസ് മത്സര വിജയികൾക്കുള്ള സമ്മാന വിതരണം നടത്തി. തുടർന്ന് ഡോ.ഹരികൃഷ്ണനെയും കേന്ദ്ര, ജില്ല നേതൃനിരയിലുള്ളവരെയും പൊന്നാട അണിയിച്ച് ആദരിച്ചു. ശ്രീ. K.V രാജേന്ദ്രന്റെ (മുല്ലക്കരയില്ലം) കൃതജ്ഞത പ്രസംഗത്തിനു ശേഷം 5 മണിയോടെ യോഗം പര്യവസാനിച്ചു.

## ഗുരുവായൂർ ശാഖാ

ആഗസ്റ്റ് മാസത്തെ ശാഖായോഗം പെരുവല്ലൂർ കൊടയ്ക്കാട്ട് (ആശിർവാദ്) ഇല്ലത്ത് പത്മജ അന്തർജ്ജനത്തിന്റെ വസതിയിൽ വെച്ചായിരുന്നു. യോഗത്തിന് ഗൃഹനാഥ ശ്രീമതി.പത്മജ അന്തർജ്ജനം സ്വാഗതം പറഞ്ഞു. ശാഖാ പ്രസിഡന്റ് പുതുമന നാരായണൻ ഇളയത് അദ്ധ്യക്ഷനായിരുന്നു. മഴക്കെടുതിയിൽ ജീവൻ നഷ്ടപ്പെട്ട പുത്തുമല, കവളപ്പാറ എന്നീ പ്രദേശവാസികൾക്കും മുൻകേന്ദ്രമന്ത്രി ശ്രീമതി.സുഷമ സ്വരാജിനും അനുശോചനം രേഖപ്പെടുത്തി. ശാഖാപരിധിയിലെ പ്രദേശങ്ങളിലെ മഴക്കെടുതിയെകുറിച്ചും ദുരിതാശ്വാസപ്രവർത്തനങ്ങളെ കുറിച്ചും യോഗം അവലോകനം നടത്തി. കഴിഞ്ഞ പ്രളയത്തിൽ ഇടിഞ്ഞു പോയ സഹായമാവശ്യമുള്ള ഒരു ശാഖാം ഗത്തിന്റെ ഇല്ലത്തെ ശുചിമുറി പൂർത്തീകരിച്ച വിവരം ശാഖാ സക്രെട്ടറി യോഗത്തിൽ അറിയിച്ചു. ശുചിമുറിക്ക് വേണ്ടി സംഭാവന ചെയ്ത എല്ലാ അംഗങ്ങളേയും നൽകി അറിയിക്കുകയും ബാക്കി വരുന്ന തുക ശാഖാ ഫണ്ടിൽ നിന്നും നൽകുന്നതിനും തീരുമാനിച്ചു. ഇപ്രാവശ്യത്തെ ശാഖയുടെ ഓണാഘോഷ പരിപാടികൾ സദ്യയും കുടുംബ സംഗമവുമായി സാംസ്കാരികപരിപാടികളോടെ 15/09/2019 ഞായർ പെരുവല്ലൂർ വേഴ്ശേരി തറവാട്ടിൽ (സി.പി. പരമേശ്വരൻ ഇളയതിന്റെ വസതിയിൽ) നടത്തുന്നതിന് തീരുമാനിച്ചു. ശാഖാ എക്സിക്യൂട്ടീവ് അംഗം കിഴക്കേടത്ത് സത്യനാരായണൻ ഇളയത് കൃതജ്ഞത പ്രകാശിപ്പിച്ചു.



വേഷങ്ങളായിരമുണ്ടെങ്കിലും കർമ്മ
വേദാന്തമൊന്നുതന്നെ .

## ഉപനയനം
## ഭരത് ഹരി നമ്പൂതിരി







എറണാകുളം വെണ്ണല ശ്രീശൈലം ഇല്ലത്ത് (പരിയാരത്തില്ലം) ശ്രീമതി കെ .കെ ദേവകിക്കുട്ടിയമ്മയുടെയും പരേതനായ നാരായണൻ നമ്പൂതിരിയുടെയും പൗത്രൻ ഭരതിന്റെ (ഹരിയുടെയും സീമയുടെയും പുത്രൻ) ഉപനയനം 2019 ഏപ്രിൽ 19ന് സ്വവസതിയിൽ വച്ച് നടന്നു. തദവസരത്തിൽ സന്നിഹിതരായ കുടുംബാംഗങ്ങൾ

BRAHMASREE BIMONTHLY REG NO. M2-20225/2003



മഞ്ഞുമ്മേൽ താമരപ്പള്ളി ഇല്ലത്ത് ശങ്കരൻ
ഇളയതും കുടുംബാംഗങ്ങളും
മകൾ ദിവ്യയുടെ വിവാഹ വേദിയിൽ (2019 ജൂൺ 9ന്)

Published & Owned by Malayala Brahmana Samajam .H.O. Kottayam.Ph. 0481-2301168
( A Registered Charitable Society- Reg No.K593/99, Printed at Ephphatha Press, Kottayam)